ദി ഡിഫെൻഡർ

Vol. No. 11   Issue No. 24   RNI Reg. No. 68089 / 97   Published From Perumbavoor   2008 December 16   Price: Rs.100/- P.A.

# ടി.ടി.ജോസഫ് ഐ.പി.സിയുടെ വസ്തുവകകൾ മോഷ്ടിക്കുന്നു

ഐ.പി.സി. കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായ പാസ്റ്റർ ടി.ടി. ജോസഫ് ഐ.പി.സി.യുടെ സ്വത്തുക്കൾ കൊള്ളയടിക്കുന്നതായി ആരോപണം ഉയർന്നിരിക്കുന്നു. ഐ.പി.സി.യുടെ പൊതുവകയായി 15 വർഷം മുമ്പ് വാങ്ങിയതും ഇപ്പോൾ ഐ.പി.സി. കർണ്ണാട സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്നതുമായ സ്ഥലമാണ് ടി.ടി.ജോസഫ് കൈവശപ്പെടുത്താൻ ശ്രമിക്കുന്നത്.

20 വർഷം മുമ്പാണ് കർണ്ണാടകയിലെ ഐ.പി.സി. പ്രവർത്തകർ ടി.ടി.ജോസഫിനെ പ്രസിഡന്റായി തെരഞ്ഞെടുത്തത്. അക്കാലത്ത് ടി.ടി.ജോസഫ് ബഹറിനിൽ ജോലി ചെയ്യുകയായിരുന്നു. ഗൾഫ് ബന്ധമുള്ളയാൾ പ്രസിഡന്റായി വന്നാൽ അത് സാമ്പത്തികമായി ഗുണം ചെയ്യുമെന്ന ധാരണയിലാണ് ടി.ടി.ജോസഫിനെ പ്രസിഡന്റായി തെരഞ്ഞെടുത്തത്. പക്ഷേ അധികാരം കയ്യിൽ കിട്ടിയതോടെ ടി.ടി.ജോസഫിന്റെ സ്വഭാവം മാറി. അന്നു മുതൽ തികഞ്ഞ ഏകാധിപത്യ ഭരണമാണ് ഇയാൾ നടത്തിവരുന്നത്.

കർണ്ണാടക ഐ.പി.സിക്ക് ഒരു ഹെഡ് ക്വാട്ടേഴ്സ് വേണമെന്ന തീരുമാനമുണ്ടായത് 1993 ആഗസ്റ്റ് 21ന് വിവേക് നഗറിൽ കൂടിയ സ്റ്റേറ് കൗൺസിൽ മീറ്റിങ്ങിലാണ്. അന്നുതന്നെ 70,000 രൂപയുടെ വാഗ്ദാനം ലഭിച്ചു. ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ 1,95,000 പിരിഞ്ഞുകിട്ടി. മറ്റു മൂന്നു പേർ ഒരോ ലക്ഷം രൂപാ വീതം സംഭാവന നൽകി. 1994 ഫെബ്രുവരി അവസാനമായപ്പോഴേക്കും ആകെ ഫണ്ട് 5 ലക്ഷം കവിഞ്ഞു. ഇതിനിടയിൽ അമേരിക്കയിൽ നിന്ന് 3 ലക്ഷം രൂപ സംഭാവന കിട്ടിയെങ്കിലും അതീവ രഹസ്യമായി ഈ പണം ടി.ടി. ജോസഫ് തട്ടിയെടുത്തു. ഇങ്ങനെ ഒരു സംഭാവന വന്ന കാര്യം കൗൺസിൽ അംഗങ്ങൾ അറിഞ്ഞുപോലുമില്ല. ഐ.പി.സി.യുടെ ഫണ്ടുപയോഗിച്ച് 1994-ൽ സ്ഥലം വാങ്ങുകയും ഈ സ്ഥലം മതിൽ കെട്ടി തിരിക്കുകയും ചെയ്തു. സഭയുടെ പേരിലാണ് സ്ഥലം വാങ്ങിയത് എന്നത്രേ പാവം വിശ്വാസികൾ ധരിച്ചത്. പക്ഷേ ഈയിടെ രേഖകൾ പരിശോധിച്ചപ്പോഴാണ് സ്ഥലം ടി.ടി.ജോസഫിന്റേയും മകൻ മാത്യു ജോസഫിന്റേയും പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്ന വസ്തുത പുറത്തുവന്നത്.

ഐ.പി.സി.യുടേത് എന്ന് ടി.ടി.ജോസഫ് സാധുക്കളായ വിശ്വാസികളെ ധരിപ്പിച്ചിരുന്ന സ്ഥലത്ത് ഐ.പി.സി.ക്കുവേണ്ടി പിരിച്ച പണമുപയോഗിച്ച് കെട്ടിടവും പണിതു. പക്ഷേ ഫലത്തിൽ ഈ സ്ഥലവും കെട്ടിടവും ഇപ്പോൾ ടി.ടി.ജോസഫിന്റേയും മകന്റേയും സ്വകാര്യ സ്വത്താണ്.

സഭയുടെ പണം ഉപയോഗിച്ച് വാങ്ങിയ സ്ഥലവും സഭയുടെ പണം ഉപയോഗിച്ച് പണിത കെട്ടിടവും സഭയുടേതാണെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലൊ. അതുകൊണ്ട് ഈ സ്ഥലവും കെട്ടിടവും ഐ.പി.സി.യുടെ പേരിൽ എഴുതിത്തരണമെന്ന് ടി.ടി.ജോസഫിനോട് ആവശ്യപ്പെടാൻ 2008 നവംബർ 23-ാം തീയതി കർണ്ണാടക സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. അതനുസരിച്ച് പിറ്റേന്നുതന്നെ ടി.ടി.ജോസഫിന് കത്ത് നൽകുകയും ചെയ്തു. ഈ വിഷയം സംസാരിക്കാനായി ഇതിനു മുമ്പുതന്നെ സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികൾ ടി.ടി.ജോസഫിനെ സമീപിച്ചിരുന്നെങ്കിലും ഫലമുണ്ടായില്ല. ഈ ആവശ്യവുമായി ചെന്ന പാസ്റ്റർമാരെ അസഭ്യം പറയുകയും സുപ്രീം കോടതി വരെ പോകേണ്ടിവന്നാലും സ്ഥലം വിട്ടുകൊടുക്കുകയില്ല എന്ന് വെല്ലുവിളിക്കുകയുമാണ് ചെയ്തത്. അതുകൊണ്ടാണ് ഔദ്യോഗികമായി കത്തു കൊടുക്കാൻ സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചത്. അനുകൂലമായ മറുപടി ടി.ടി. ജോസഫിൽ നിന്ന് ഉണ്ടായതായി അറിവില്ല. കോടികൾ വിലമതിക്കുന്ന ഈ വസ്തുവകകൾ ടി.ടി.ജോസഫ് ഐ.പി.സി.ക്ക് വിട്ടുകൊടുക്കാനുള്ള സാധ്യത വിരളമാണ്.

സീനിയർ പാസ്റ്റർമാരെ ഉൾപ്പടെ എല്ലാവരേയും അസഭ്യം പറയുന്നത് സ്ഥിരം പരിപാടിയാക്കിയ ആളാണ് ടി.ടി.ജോസഫ്. ഉദാഹരണത്തിന് ഒരു ഡിസ്ട്രിക്റ്റ് പാസ്റ്റർ ഏതാനും മാസം മുമ്പ് ഒരു ന്യൂസ് ലെറ്റർ പ്രിന്റു ചെയ്തു. അതിൽ ടി.ടി.ജോസഫിന്റെ ഫോട്ടോ വേണ്ടത്ര വലിപ്പത്തിൽ കൊടുത്തില്ല എന്നൊരു തോന്നൽ ടി.ടി.ജോസഫിനുണ്ടായി. ഉടൻ തന്നെ ആ പാസ്റ്ററെ വിളിച്ച് ടി.ടി. ജോസഫ് അസഭ്യം പറഞ്ഞു. 'നിന്നെ ഞാൻ തൊഴിച്ചു താഴെയിടും' എന്ന മുന്നറിയിപ്പോടെയാണ് ആ സംഭാഷണം അവസാനിച്ചത്. ഡിസ്ട്രിറ്റ് പാസ്റ്ററോട് ഈ വിധത്തിലാണ് സംസാരിക്കുന്നതെങ്കിൽ ഇയാൾ മറ്റു പാസ്റ്റർമാരോട് ഏതു വിധത്തിലായിരിക്കും ഇടപെടുക എന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

പണമുണ്ട് എന്ന ഒറ്റ കാരണത്താൻ ഒരു ജഢീകനെ പിടിച്ച് സ്റ്റേറ്റ് പ്രസിഡന്റാക്കിയതിന്റെ ഫലമാണ് കർണ്ണാടക സ്റ്റേറ്റ് ഐ.പി.സി.യിലുള്ളവർ ഇപ്പോൾ അനുഭവിക്കുന്നത്. ഒട്ടകത്തിന് തല ഒളിക്കാൻ ഇടം കൊടുത്ത അറബിയുടെ സ്ഥിതിയിലായി ദൈവജനം. ആഭാസന്മാർ തോറ്റുപോകുന്ന വിധത്തിൽ അസഭ്യം പറഞ്ഞു നടക്കുന്ന ഇയാൾക്ക് ദൈവവുമായി ഒരു ബന്ധവുമില്ലന്ന് ഏവർക്കുമറിയാം. പക്ഷേ കടിഞ്ഞാൺ ഇയാളുടെ കൈയ്യിലാണ്. ഇയാളെ പ്രസിഡന്റു സ്ഥാനത്തു നിന്ന് ഒഴിവാക്കിയാൽ ഐ.പി.സി.യുടെ കോടിക്കണക്കിനു വരുന്ന സ്വത്തുക്കളുമായിട്ടായിരിക്കും ഇയാൾ പുറത്തു പോകുക. ചുരുക്കത്തിൽ ചെകുത്താനും കടലിനും ഇടയിൽ പെട്ട സ്ഥിതിയിലാണ് ദൈവജനം.

# ടി.ജെ.യുടെ പത്രസമ്മേളനം ഏഴുനിലയിൽ പൊട്ടി



മഹാ പരിശുദ്ധനും അടുത്തുകൂടാത്ത വിശുദ്ധിയിൽ വസിക്കുന്നവനുമായ ടി.ജെ. ശമുവേൽ ഈയിടെ ഒരു പത്രസമ്മേളനം നടത്തുവാൻ തീരുമാനിച്ചു. ഈ വാർത്ത കേട്ടവരൊക്കെ അത്ഭുതപ്പെട്ടു. ഒടുവിൽ ടി.ജെ.ശമുവേൽ മാനസാന്തരപ്പെടാൻ തീരുമാനിച്ചോ എന്നായി സംശയം.

ഒരു സഭാ നേതാവ് പത്രസമ്മേളനം നടത്തുന്നതിൽ ഇത്ര അത്ഭുതപ്പെടാൻ എന്തിരിക്കുന്നു എന്നു ചോദിച്ചേക്കാം. വെറുതെ അത്ഭുതപ്പെടാൻ മാത്രമല്ല വണ്ടറടിച്ച് വായും പിളർന്ന് നിൽക്കാനുള്ള വഹ ഈ സംഭവത്തിലുണ്ട് എന്നതാണ് വസ്തുത.

പെന്തക്കോസ്തിലെ വിശുദ്ധന്മാർക്കൊന്നും പത്രക്കാരെ ഇഷ്ടമല്ല. ടി.ജെ.ശമുവേൽ ഒന്നാന്തരം ഒരു വിശുദ്ധനായതുകൊണ്ട് പത്രക്കാരെ പരമാവധി അകറ്റി നിർത്തുന്നു. ഏ.ജി. ജനറൽ കൺവൻഷന് പത്രക്കാർ ആക്രമിക്കപ്പെട്ടപ്പോൾ പോലും ടി.ജെ.ശമുവേൽ പ്രതികരിച്ചില്ല. ഇങ്ങനെയൊക്കെയുള്ള ചങ്ങാതി പത്രസമ്മേളനം വിളിച്ചു എന്ന് കേട്ടാൽ വണ്ടറടിക്കാതിരിക്കാൻ പറ്റുമോ?

എന്തിനാണ് പത്രസമ്മേളനം വിളിച്ചത്? അതിന്റെ പിന്നിൽ അൽപം രഹസ്യമുണ്ട്. ഏ.ജി.യുടെ ജനറൽ കൺവൻഷനെപ്പറ്റി വിശദീകരിക്കുകയാണ് ഒരു ഉദ്ദേശ്യം. പക്ഷേ അതിന് പത്രസമ്മേളനം കൂടിയേ കഴിയു എന്നില്ല. വെറുതെ നോട്ടീസ് അയച്ചു കൊടുത്താലും അത് എല്ലാ പത്രക്കാരും ഒന്നാം പേജിൽ വാർത്തയാക്കും. രണ്ടാമത്തെ ഉദ്ദേശ്യമാണ് സാക്ഷാൽ ഉദ്ദേശ്യം.

ഏ.ജി.യുടെ നേതൃസ്ഥാനത്തുനിന്ന് ടി.ജെ. പുറത്തിറങ്ങാനുള്ള കാലം അടുത്തുവരുന്നു. എന്തെങ്കിലുമൊക്കെ അധികാരങ്ങൾ കയ്യിലില്ലാതെ ജീവിക്കാൻ ടി.ജെ.യ്ക്ക് ആവില്ല. അതിനുള്ള മാർഗ്ഗം ടി.ജെ. കണ്ടുവച്ചിട്ടുമുണ്ട്. ഏ.ജി.യുടെ പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ഇപ്പോൾ നിലവിലുണ്ട്. അമേരിക്കയിലുള്ള ചില വിഡ്ഢികൾ ഈ സ്ക്കൂളിന് ഈയിടെ 50ലക്ഷം രൂപ സംഭാവന നൽകുകയുമുണ്ടായി. ഒരു പത്രസമ്മേളനം നടത്തി സ്ക്കൂളിനെക്കുറിച്ചു വിവരിച്ചാൽ എല്ലാ പത്രക്കാരും സ്ക്കൂളിനെക്കുറിച്ചു പുകഴ്ത്തി എഴുതും. പരസ്യക്കൂലി കൊടുക്കാതെ സ്ക്കൂളിന് ഉഗ്രൻ പരസ്യം ലഭിക്കും. ഈ പരസ്യം മുതലാക്കി അമേരിക്കയിൽ നിന്ന് കൂടുതൽ പണം പിടുങ്ങാം. സഭയിലെ അധികാരം പോകുമ്പോൾ സ്ക്കൂൾ ഭരണവുമായി വിലസാം. ഇതൊക്കെയായിരുന്നു ടി.ജെ.യുടെ ഉള്ളിലിരുപ്പ്.

പക്ഷേ ടി.ജെ. മനസ്സിൽ കണ്ടതെല്ലാം വടികുത്തിപ്പിരിഞ്ഞു. ഏ.ജി.യുടെ കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് പത്രക്കാർ ആക്രമിക്കപ്പെട്ടിട്ടും അതിനെതിരെ പ്രതികരിക്കപോലും ചെയ്യാത്ത ടി.ജെ.ശമുവേലിന്റെ പത്രസമ്മേളനം അൽപമെങ്കിലും അന്തസ്സുള്ള പത്രക്കാർ എല്ലാം ചേർന്ന് ബഹിഷ്ക്കരിച്ചു. പണം കിട്ടിയാൽ ഏതു ചെകുത്താന്റേയും അപദാനങ്ങൾ വാഴ്ത്തിപ്പാടാൻ മടിയില്ലാത്ത ഒന്നോ രണ്ടോ പത്രക്കാർ മാത്രമാണ് ടി.ജെ.യുടെ പത്രസമ്മേളനത്തിനെത്തിയത്.

## പകൽക്കാലം



പകൽക്കാലം എന്ന പേര് അത്ര ശരിയായില്ല...

നേരാ.. രാത്രിക്കാലമായിരുന്നു ചേർച്ച

# പരിശുദ്ധാത്മാവിനു തെറ്റുപറ്റിയെന്ന് കെ.എ.ഏബ്രഹാം



പരിശുദ്ധാത്മാവിനു തെറ്റുപറ്റുമോ? ഇല്ലെന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ കെ.എ.ഏബ്രഹാം അതു സമ്മതിച്ചുതരികയില്ല. പരിശുദ്ധാത്മാവിനും തെറ്റു പറ്റുമെന്ന് കെ.എ.ഏബ്രഹാം ഉദാഹരണ സഹിതം തെളിയിച്ചു തരികയും ചെയ്യും.

എല്ലാ കൺവൻഷനുകളിലും ഈ ചങ്ങാതി ഇപ്പോൾ ഒരു കഥ പറയാറുണ്ട്. രാജു എന്ന് പേരായ ഒരു ദൈവദാസൻ ഒമാനിലെ സുൽത്താനെ കണ്ട് ദൈവാലോചന അറിയിച്ചു. മെയ് 5-ാം തീയതി ഒമാനിൽ വലിയ വെള്ളപ്പൊക്കമുണ്ടാകുമെന്നും നാശനഷ്ടങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതൽ എടുക്കണമെന്നും ദൈവാത്മാവ് അറിയിക്കുന്നു എന്നായിരുന്നു രാജുപ്രവാചകൻ സുൽത്താനോടു പറഞ്ഞത്. അതനുസരിച്ച് സുൽത്താൻ വേണ്ടത്ര മുൻകരുതൽ എടുക്കുകയും ചെയ്തു. ഇതുപോലൊരു പ്രവചനം രാജുപ്രവാചകൻ ടൊയോട്ടാ കമ്പനിയോടും പറഞ്ഞു. പക്ഷേ അവർ ഈ പ്രവചനം പുച്ഛിച്ചുതള്ളി.

പക്ഷേ മേയ് 5-ാം തീയതി ഒന്നും സംഭവിച്ചില്ല. കള്ളപ്രവചനം നടത്തിയതിന് സുൽത്താൻ രാജു പ്രവാചകനെ അറസ്റ്റുചെയ്ത് ജയിലിൽ അടച്ചു. അങ്ങനെ ഒരു മാസം കടന്നുപോയി. ജൂൺ 5-ാം തീയതി ഒമാനിൽ വലിയ വെള്ളപ്പൊക്കമുണ്ടായി. ടൊയോട്ടാ കമ്പനിയുടെ 100 കാറുകൾ ഒലിച്ചുപോയി. കൂടാതെ രാജ്യത്തെങ്ങും വലിയ നാശനഷ്ടങ്ങളുമുണ്ടായി.

ഒരു മാസം തെറ്റിയാണെങ്കിലും പ്രവചനം ഫലിച്ചതുകൊണ്ട് രാജു പ്രവാചകനെ സുൽത്താൻ മോചിപ്പിച്ചു. മുന്നറിയിപ്പു കിട്ടിയിട്ടും വേണ്ടത്ര മുൻകരുതലെടുക്കാതെ നഷ്ടം വരുത്തി വച്ച ടൊയോട്ടാ കമ്പനി തങ്ങൾക്കുണ്ടായ നഷ്ടത്തെപ്പറ്റി ആരോടും പറയാതെ വാർത്ത പരമ രഹസ്യമാക്കി വച്ചിരിക്കുകയാണ്. (അങ്ങനെയെങ്കിൽ ഈ രഹസ്യം എങ്ങനെ കെ.എ.ഏബ്രഹാം അറിഞ്ഞു? സോറി, കഥയിൽ ചോദ്യമില്ല)

ഈ കഥയിൽ നിന്ന് എന്തു ഗുണപാഠമാണ് നാം പഠിക്കേണ്ടത്? സംഗതി സിമ്പിൾ, അബദ്ധം പോലീസ്സുകാരനുമാത്രമല്ല പരിശുദ്ധാത്മാവിനും പറ്റും. പ്രവചനം തെറ്റി എന്നു കരുതി പ്രവാചകന്മാരെ പീഡിപ്പിക്കുന്നത് സൂക്ഷിച്ചുവേണം. കാരണം എന്നെങ്കിലും പ്രവചനം നിറവേറും

Vol. No.11 Issue No.24 2008 December 16

## എന്തു പറഞ്ഞാലും ഹല്ലേലുയ്യാ

പ്രസംഗകൻ അല്പം ആവേശത്തോടെ എന്തു പറഞ്ഞാലും ഹല്ലേലുയ്യാ പറയുന്ന വിശ്വാസികളെ പെന്തക്കോസ്തിലല്ലാതെ മറ്റെങ്ങും കണ്ടുകിട്ടുകയില്ല. സാത്താനാണ് നമ്മുടെ ദൈവം എന്നു പറഞ്ഞാലും പെന്തക്കോസ്തുകാർ ഹല്ലേലുയ്യാ പറയും. പ്രസംഗിക്കുന്നതെന്താണ് എന്നു കേട്ടിട്ടല്ല ഇവർ ഹല്ലേലുയ്യാ പറയുന്നത്. മിനിറ്റിന് നാലുവട്ടമെങ്കിലും ഹല്ലേലുയ്യാ പറഞ്ഞില്ലെങ്കിൽ തങ്ങൾ അനാത്മീയരാണെന്ന് മറ്റുള്ളവർ ധരിച്ചുപോകും എന്നാണ് ഇവരുടെ ഭയം.

വിശ്വാസികൾ ഹല്ലേലുയ്യാ പറഞ്ഞുകൊണ്ടിരുന്നില്ലങ്കിൽ ചില പ്രസംഗകർക്ക് പ്രസംഗം വരില്ല. എല്ലാവരും കൈപൊക്കി ഹല്ലേലുയ്യാ പറഞ്ഞാട്ടേ എന്ന് നാഴികയ്ക്ക് നാൽപതുവട്ടം ഇത്തരം പ്രസംഗകർ പറഞ്ഞുകൊണ്ടിരിക്കും. തങ്ങൾ പ്രസംഗിക്കുന്നത് ജനം ഗ്രഹിക്കണമെന്ന് ഈ പ്രസംഗകർക്ക് ആഗ്രഹമില്ല. ഗ്രഹിക്കാൻ തക്കതൊന്നും ഇവരുടെ പ്രസംഗത്തിൽ ഉണ്ടായിരിക്കുകയില്ല എന്നതാണ് വസ്തുത. ഇതാവരുന്നു അനുഗ്രഹം എന്നതാണ് ഇവരുടെ പ്രസംഗത്തിന്റെ രത്നച്ചുരുക്കം. ജനത്തെ ഇളക്കാൻ പറ്റിയ കുറേ വാക്യങ്ങളും ഇവർ കണ്ടുപിടിക്കും. ആശയദാരിദ്ര്യത്തെ ഹല്ലേലുയ്യായും ബഹളവുംകൊണ്ട് ഇവർ മറയ്ക്കും.

ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറയാൻ കാരണമുണ്ട്. ഇതു കൺവൻഷൻ സീസണാണ്. ജനത്തെക്കൊണ്ട് ഹല്ലേലുയ്യാ പറയിക്കാൻ കഴിവുള്ളവർ ഒന്നാന്തരം പ്രസംഗകരായി വാഴ്ത്തപ്പെടുന്നു. ഒരു ദിവസം പോലും ഒഴിവില്ലാതെ ഇവർക്ക് പ്രോഗ്രാം ലഭിക്കുന്നു. പക്ഷേ ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്നവർക്ക് പ്രോഗ്രാമില്ല. അത്തരക്കാരുടെ പ്രസംഗത്തിൽ ആത്മീയത ഇല്ലത്രേ.

ഉണർവ്വ് എന്നാൽ ബഹളം എന്നാണ് മിക്കവരും ധരിച്ചുവച്ചിരിക്കുന്നത്. പരമാവധി ശക്തിയിൽ കൈയ്യടിക്കുകയും അത്യുച്ചത്തിൽ ഹല്ലേലുയ്യ പറയുകയും ചെയ്താൽ ഉണർവ്വായി. നന്നായി വിയർക്കകൂടി ചെയ്താൽ എല്ലാം തികഞ്ഞു. ദു:ഖകരമായ ഒരു സ്ഥിതിവിശേഷമാണിത്. ജനത്തെ നേർവഴിക്കു നടത്തേണ്ടവർതന്നെ ഇത്തരം പ്രവണതകൾക്ക് പ്രോത്സാഹനം നൽകുന്നു. തങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ തങ്ങളുടെ നിലനിൽപ്പുതന്നെ അവതാളത്തിലാകുമെന്ന് ഇവർ ഭയപ്പെടുന്നു. ദൈവജനത്തിനു വഴിതെറ്റിയാലും വേണ്ടില്ല തങ്ങളുടെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതിരിക്കണം. ലജ്ജാകരമായ ഈ അടവുനയമാണ് സർവ്വതിന്മയ്ക്കും മൂലകാരണം.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## സത്യം സത്യമായി

ഒരു പട്ടിയും ഒരു പൂച്ചയുംകൂടി ഇത്ര വലിയ പ്രശ്നമുണ്ടാക്കുമെന്ന് മുഖ്യമന്ത്രിയെന്നല്ല ഈ ഭൂമിമലയാളത്തിൽ ആരും കരുതിയില്ല. പക്ഷേ ഇനി പറഞ്ഞിട്ടു പ്രയോജനമില്ലല്ലോ. രാജ്യത്തിനുവേണ്ടി ജീവൻ വെടിഞ്ഞ സൈനികന്റെ വീടല്ലായിരുന്നു എങ്കിൽ ഒരു പട്ടിപോലും തിരിഞ്ഞു നോക്കുകയില്ലായിരുന്നു എന്ന് ഒരു ആവേശത്തിനു പറഞ്ഞുപോയി. മാദ്ധ്യമങ്ങളും പ്രതിപക്ഷവും ചേർന്ന് അതു പ്രശ്നമാക്കി. ഇനി ഒരു വഴിയേയുള്ളൂ: പറഞ്ഞ വാചകം ഒന്നു ഭേദഗതി ചെയ്യുക: രാജ്യത്തിനുവേണ്ടി മരിച്ച സൈനികന്റെ വീടായതുകൊണ്ടാണ് ചില പട്ടികളെങ്കിലും തിരിഞ്ഞു നോക്കിയത് എന്നു പറയുക.

പൂച്ച കറുത്തതായാലും വെളുത്തതായാലും എലിയെ പിടിച്ചാൽ മതി എന്ന് ഒരിക്കൽ മുഖ്യമന്ത്രി പറഞ്ഞു. അന്ന് ആ പൂച്ചകൾ എലിയെ മാത്രമല്ല ചില പുലികളേയും പിടിച്ചു. ഒപ്പം ചില പുലികളുടെ വാലിലും പിടിച്ചു. അങ്ങനെ ആകെ പുലിവാലായി. ആ പ്രശ്നം ഒരുവിധത്തിൽ ഒതുക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ പൂച്ചയിതാ പട്ടിയേപ്പോലെ കുരച്ചുകൊണ്ട് ചാടിയിരിക്കുന്നു. ഈ പൂച്ചയെ ഞാൻ കണ്ടിട്ടുപോലുമില്ല എന്നു പറയേണ്ട ഗതികേടിലാണ് മുഖ്യമന്ത്രിയിപ്പോൾ.

പട്ടിയും പൂച്ചയും കൂടി ഉണ്ടാക്കിയ പ്രശ്നത്തിൽ നിന്ന് എങ്ങനെ തലയൂരും എന്നറിയാതെ മുഖ്യമന്ത്രി വിഷമിക്കുമ്പോൾ ഗജരാജമന്ത്രിയുടെ മൃഗസ്നേഹം കരകവിഞ്ഞൊഴുകുകയാണ്. ശബരിമലയിൽ ചുമടെടുക്കുന്ന കഴുതകളോടാണ് മന്ത്രിക്കു സ്നേഹം തോന്നിയിരിക്കുന്നത്. വെറും സ്നേഹമല്ല സാക്ഷാൽ സഹോദരസ്നേഹമാണ് കഴുതകളുമായി മന്ത്രിക്കുള്ളത്. 'സോദരീ' എന്നു മന്ത്രി കഴുതയെ സ്നേഹത്തോടെ വിളിക്കുന്നു. പക്ഷേ മന്ത്രി ഈ ചെയ്തത് ഒട്ടും ശരിയായില്ല എന്നു പറയാതെ വയ്യ. പെൺകഴുതകളേപ്പോലെതന്നെ കഷ്ടപ്പെടുന്നവരാണ് ആൺകഴുതകളും. പക്ഷേ മന്ത്രി ആൺകഴുതകളെ പാടെ അവഗണിച്ചുകളഞ്ഞു. 'സോദരാ' എന്നു വിളിക്കാൻ മനസ്സില്ലെങ്കിൽ വേണ്ട, 'സോദരിമാരേ നിങ്ങൾതൻ കണവൻമാർ' എന്ന് കാവ്യാത്മകമായെങ്കിലും പറയാമായിരുന്നു. ഇന്ത്യൻ ഭരണഘടന സംരക്ഷിക്കുമെന്നു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ മന്ത്രി സ്ത്രീപുരുഷവ്യത്യാസം കാണിച്ചിരിക്കുന്നതിനാൽ ഭരണഘടന ലംഘിച്ചിരിക്കയാണ്. അതുകൊണ്ട് ഒരു കോവാറന്റോയ്ക്കുള്ള പഴുതുണ്ടോ എന്ന് പ്രതിപക്ഷം ഗൗരവത്തിൽ പരിശോധിക്കണം.

ശബരിമലയിലെ കഴുതകളേക്കുറിച്ച് കവിതയെഴുതാൻ മന്ത്രിയുണ്ട്. പക്ഷേ പെന്തക്കോസ്തിലെ കഴുതകളേക്കുറിച്ച് ഒന്നു മിണ്ടാൻ പോലും (മുഖ്യമന്ത്രിയുടെ ഭാഷയിൽ) ഒരു പട്ടിപോലുമില്ല. പെന്തക്കോസ്ത് നേതാക്കന്മാരായ വിഴുപ്പുഭാണ്ഡങ്ങൾ ആജീവനാന്തം ചുമക്കാൻ വിധിക്കപ്പെട്ട നിർഭാഗ്യരാണ് പെന്തക്കോസ്തിലെ കഴുതകൾ.

പെട്രോൾ-ഡീസൽ വില വർദ്ധിക്കുമ്പോൾ നിരക്കുകൾ വർദ്ധിപ്പിക്കണമെന്ന് വാഹന ഉടമകൾ ആവശ്യപ്പെടാറുണ്ട്. ഈ ആവശ്യമുന്നയിച്ച് അവർ സമരം നടത്തുകപോലും ചെയ്യും. അവസാനം സർക്കാർ യാത്രാനിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. ഈ അടുത്തകാലത്തും ഇതൊക്കെ നടന്നു. ഇപ്പോഴിതാ ഇന്ധനവില കുറച്ചിരിക്കുന്നു. അപ്പോൾ യാത്രാനിരക്കിലും ആനുപാതികമായ കുറവ് ഉണ്ടാകേണ്ടതല്ലേ? കേന്ദ്രസർക്കാർ ഇന്ധനവില വീണ്ടും കുറച്ചാലേ ഈ ആവശ്യം പരിഗണിക്കാനാവൂ എന്നാണ് മുഖ്യമന്ത്രി പറയുന്നത്. പക്ഷേ ഈ പ്രശ്നത്തിൽ ആറാഴ്ചക്കകം തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. എന്നാൽ എന്തായിരിക്കണം ആ തീരുമാനമെന്ന് കോടതി പറഞ്ഞിട്ടില്ല. അതുകൊണ്ട് നിരക്കു കുറച്ചേ മതിയാകൂ എന്നില്ല. ആഗോള സാമ്പത്തിക മാന്ദ്യം കൊണ്ട് യാത്രക്കാർക്ക് ഗുണമുണ്ടാകുന്ന ലക്ഷണമില്ല എന്നു ചുരുക്കം.

പലനാൾ കള്ളൻ ഒരു നാൾ പിടിപെടും എന്നൊരു ചൊല്ലുണ്ട്. മഹാ പരിശുദ്ധയായ റോസമ്മയുടെ കാര്യത്തിൽ ഇതു തികച്ചും ശരിയാണ്. റോസമ്മ കൈക്കൂലി വാങ്ങിക്കാൻ തുടങ്ങിയിട്ട് കാലം കുറേയായി. ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറായപ്പോൾ കൈക്കൂലിപ്പരിപാടിയൊക്കെ നിർത്തിയെന്ന് കേട്ടിരുന്നു. പക്ഷേ റോസമ്മ മൂത്താലും കൈക്കുലി നിർത്തില്ല എന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുകയാണ്.

ചർച്ച് ഓഫ് ഗോഡിലെ വനിതാതമാശിന്റെ നേതാവായിരുന്നു റോസമ്മ. ആഭരണം ഇട്ട് പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടതോടെ ആ സ്ഥാനം തെറിച്ചു. ഭർത്താവ് സെന്റർ പാസ്റ്ററാണ് എന്ന ബലത്തിലായി പിന്നത്തെ കളി. പക്ഷേ ചർച്ച് ഓഫ് ഗോഡ് പുതിയ ഒരു സെന്റർ ഉണ്ടാക്കുകയും റോസമ്മയുടെ സെന്ററിലുള്ള പാസ്റ്റർമാരോട് പുതിയ സെന്ററുമായി ചേർന്നു പ്രവർത്തിക്കാൻ അനൗദ്യോഗികമായി നിർദ്ദേശം കൊടുക്കുകയും ചെയ്തതോടെ റോസമ്മയുടെ സെന്ററിൽ പാസ്റ്റർമാരോ സഭകളോ ഇല്ലാത്ത സ്ഥിതി വന്നു. ഇപ്പോൾ റോസമ്മ ചർച്ച് ഓഫ് ഗോഡിൽ ഉണ്ടോ ഇല്ലയോ എന്ന് ചർച്ച് ഓഫ് ഗോഡിനോ റോസമ്മക്കോ പറയാനാവില്ല. അതുകൊണ്ട് ചർച്ച് ഓഫ് ഗോഡിലെ സെന്റർ പാസ്റ്ററുടെ ഭാര്യ കൈക്കൂലി കേസ്സിൽ പിടിക്കപ്പെട്ടു എന്ന പ്രശ്നം ഒഴിവായിക്കിട്ടി. ഇക്കണക്കിനു പോയാൽ റോസമ്മയുടെ ഗതി അധോഗതി തന്നെ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു. അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. (2 കൊരി. 5:7-10)

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

വിദേശം: (വാർഷിക വരിസംഖ്യ)

അമേരിക്ക: 30 ഡോളർ

മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9447414608**

# ചർച്ച് ഓഫ് ഗോഡ് റാലിക്കില്ല

ചർച്ച് ഓഫ് ഗോഡ് റാലിക്കില്ലെന്ന് ഡിഫെൻഡറിനെ ഔദ്യോഗികമായി അറിയിച്ചു. ചർച്ച് ഓഫ് ഗോഡിന്റെ അസിസ്റ്റന്റ് ഓവർസിയർ റാലിയുടെ ആലോചനായോഗത്തിൽ പങ്കെടുത്തതായുള്ള വാർത്ത ശ്രദ്ധയിൽ പെട്ടപ്പോൾ ഡിഫെൻഡർ കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. അതിനുള്ള മറുപടി എന്ന നിലക്കാണ് ചർച്ച് ഓഫ് ഗോഡ് നയം വ്യക്തമാക്കിയത്.

അസിസ്റ്റന്റ് ഓവർസിയർ റാലിയുടെ ആലോചനായോഗത്തിൽ പങ്കെടുത്തത് സ്വന്തം നിലയ്ക്കാണെന്നും അദ്ദേഹത്തെ അതിനായി ചർച്ച് ഓഫ് ഗോഡ് ചുമതലപ്പെടുത്തിയിരുന്നില്ലെന്നും സഭാ നേതൃത്വം അറിയിച്ചു.

ചർച്ച് ഓഫ് ഗോഡിന് വ്യക്തമായ വിശ്വാസ പ്രമാണവും ഭരണക്രമവും ഉണ്ട്. അതിൽ കാതലായ മാറ്റം വരുത്തുക എളുപ്പമല്ല. ചർച്ച് ഓഫ് ഗോഡിന് ആത്മീയ ലക്ഷ്യങ്ങളാണുള്ളത്. റാലി നടത്തി നേടാവുന്നതല്ല അവയൊന്നും. അതുകൊണ്ട് റാലി നടത്താനും ശക്തിപ്രകടനം നടത്താനും ചർച്ച് ഓഫ് ഗോഡിന് താത്പര്യമില്ല. ഏതെങ്കിലും പെന്തക്കോസ്ത് സഭകൾ റാലി നടത്തുന്നുണ്ടെങ്കിൽ അതിനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. പക്ഷേ ചർച്ച് ഓഫ് ഗോഡിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടാത്ത ഇത്തരം പ്രകടനങ്ങളുമായി ചർച്ച് ഓഫ് ഗോഡ് സഹകരിക്കുകയില്ല.

# പി. ജി. മാത്യൂസിനും കിട്ടീ പൊന്നാട

ചർച്ച് ഓഫ് ഗോഡിന്റെ അസിസ്റ്റന്റ് ഓവർസിയറായ പി. ജി.മാത്യൂസ് പുതച്ചുമൂടി നിൽക്കുന്ന ഒരു ചിത്രം ഈയിടെ ചില പത്രങ്ങളിൽ കാണുകയുണ്ടായി. ഇദ്ദേഹത്തിന് എന്തോ വ്യാധിയുള്ളതുകൊണ്ട് പുതച്ചുനിൽക്കുകയാണ് എന്നത്രേ ആദ്യം കരുതിയത്. പക്ഷേ ഫോട്ടോയൊടൊപ്പമുള്ള വാർത്തവായിച്ചപ്പോഴാണ് സത്യം മനസ്സിലായത്. ഈ ചങ്ങാതിക്കും പൊന്നാട കിട്ടിയിരിക്കുന്നു. കൊടുത്തതാരാണെന്ന് ചോദിക്കേണ്ടതില്ലല്ലോ.

മാനം മര്യാദക്ക് നടന്ന ഈ മനുഷ്യൻ അസിസ്റ്റന്റ് ഓവർസിയറായതൊടെയാണ് ഈ കുഴപ്പമെല്ലാം തുടങ്ങിയത്. ചർച്ച് ഓഫ് ഗോഡിൽ അസിസ്റ്റന്റ് ഓവർസിയർ എന്നൊരു പോസ്റ്റില്ല. എങ്കിലും അത്തരം ഒരു സ്ഥാനം കുറേക്കാലമായുണ്ട്. ചർച്ച് ഓഫ് ഗോഡിനു പുതിയ നേതൃത്വം ഉണ്ടായപ്പോൾ പഴയ വിമത വിഭാഗത്തെ കൂടെ നിർത്താൻ അവരിലൊരാളെ അസിസ്റ്റന്റ് ഓവർസിയറാക്കാൻ തീരുമാനിച്ചു. ആരെ ആക്കണം? ചുണയുള്ള ആരെയെങ്കിലും ആക്കിയാൽ ഒട്ടകത്തിനു തലയൊളിക്കാൻ ഇടം കൊടുത്തതുപോലെയാകും സ്ഥിതി. അതുകൊണ്ട് പി.ജി.മാത്യൂസിന് ഈ സ്ഥാനം കൊടുത്തു. ഒരു ശല്യവുമില്ല. ബ്രഹ്മം പോലെ നിർഗ്ഗുണൻ, വായില്ലാക്കുന്നിലപ്പൻ. കുശാൽ.

# അച്ചൻകുഞ്ഞിനു പൊന്നാടരോഗം

പൊന്നാട രോഗം എന്നൊരു രോഗമുണ്ടോ എന്നു ചോദിക്കരുത്. അങ്ങനെ ഒരു രോഗമുണ്ട്. ഈ രോഗം അച്ചൻകുഞ്ഞ് ഇലന്തൂരിനെ ആത്യുഗ്രമായി ബാധിച്ചിട്ടുമുണ്ട്. ആരെ കണ്ടാലും പൊന്നാടയണിയിക്കും എന്നതാണ് ഈ രോഗത്തിന്റെ ലക്ഷണം. പൊന്നാടയെന്ന കാലപാശം പി.ജി.മാത്യൂസിന്റെ കഴുത്തിൽ വീണതും ഈ വിധത്തിലാണ്. രണ്ടുമാസം മുമ്പ് ഈ മാറാരോഗി കെ.സി.ജോണിന് പൊന്നാടയെന്ന പേരിൽ കൗപീനം ദാനം ചെയ്യാനിടയായതും ഈ രോഗത്തിന്റെ ഫലമായാണ്.

ഈ രോഗം ഭേദമാക്കാനുള്ള മരുന്നൊന്നും മാർക്കറ്റിൽ ലഭ്യമല്ല. അതുകൊണ്ട് ഡിഫെൻഡർ ചില താളിയോല ഗ്രന്ഥങ്ങൾ പരിശോധിച്ചു. ഈ രോഗത്തിന് ഒന്നാംതരം ഒരു മരുന്ന് കണ്ടെത്തുകയും ചെയ്തു. സംഗതി പദ്യത്തിലാണ്:

‘പ്രഹരം തന്നെയേക ഔഷധം,
അതിനുവേണമഞ്ചെട്ടാളുകൾ,
അരോഗ ദൃഢഗാത്രർ’.

അപ്പോൾ അതാണ് പരിഹാരം.




# വരത്തൻ മതിലുകെട്ടി

ഈ വാർത്തയിലെ വരത്തൻ എന്ന പ്രയോഗത്തിന്റെ കോപ്പിറൈറ്റ് കുമ്പനാട്ടുള്ള ചിലർക്കാണ് എന്ന് പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ.

വാർത്തയുടെ തലക്കെട്ടു വായിച്ചപ്പോൾ ‘വരത്തന്മാർക്കെന്താ മതിലുകെട്ടാൻ പാടില്ലെന്നുണ്ടോ’ എന്ന ചോദ്യം ചിലരുടെയെങ്കിലും മനസ്സിൽ ഉണ്ടായിക്കാണും. അതുകൊണ്ടു പറയട്ടേ വരത്തന്മാർക്കു മാത്രമല്ല വലിഞ്ഞുകയറിവന്നവർക്കും മതിലു കെട്ടാം, വേണമെങ്കിൽ പെണ്ണിനേയും കെട്ടാം. ഇങ്ങനെ വന്ന് പെണ്ണിനെ കെട്ടിയ ഒരാളെയാണ് കുമ്പനാട്ടുകാർ ‘വരത്തൻ’ എന്നു വിളിച്ചത്. കഥ ചുരുക്കിപ്പറയാം.

കുമ്പനാട്ടെ ഐ.പി.സി. വക ശവകോട്ടയിൽ ഈയിടെ ചില നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വണ്ടി ഉള്ളിലേയ്ക്കു കടത്താനായി മതിൽ അൽപം പൊളിക്കുകയും ചെയ്തു. പൊളിച്ച മതിൽ കെട്ടാനായി കെട്ടിയവനായ പട്ടാളം എത്തിയപ്പോഴാണ് പ്രശ്നമുണ്ടായത്. ഭാവിയിൽ റോഡിനു വീതി കൂട്ടേണ്ടതിനാൽ ഒന്നരയടി ഉള്ളിലേക്കു കയറ്റി മതിൽ കെട്ടണമെന്നായി നാട്ടുകാർ. പക്ഷേ പട്ടാളം വഴങ്ങിയില്ല. അപ്പോഴാണ് പട്ടാളം വരത്തനാണെന്നുള്ള വസ്തുത നാട്ടുകാർ ഓർമ്മിപ്പിച്ചത്. വരത്തനു സമ്മതിക്കാതെ പറ്റില്ലല്ലൊ.

# സാക്ഷ്യം വിനയായി

ഈയിടെ നടന്ന ഐ. പി.സി. കുമ്പനാട് സെന്റർ കൺവൻഷന്റെ സഭായോഗമാണ് രംഗം. സർവ്വശക്തനായ ടി.എസ്. ഏബ്രഹാമാണ് അദ്ധ്യക്ഷൻ. സാക്ഷ്യം പറയാനുള്ള സമയമെത്തിയപ്പോൾ അദ്ധ്യക്ഷൻ പറഞ്ഞു: ‘കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിശ്വാസത്തിൽ വന്നവർ എഴുന്നേറ്റാട്ടെ’.

നാലോ അഞ്ചോ ആളുകൾ എഴുന്നേറ്റു. അമ്പതിലധികം സഭകളുള്ള സെന്ററാണ് ഐ.പി. സി. കുമ്പനാട് സെന്റർ. ഈ സഭകളിൽ എല്ലാം കൂടി ഒരു വർഷം കൊണ്ടു വിശ്വാസത്തിൽ വന്നവരുടെ എണ്ണം ഒരു കയ്യിലെ വിരലിൽ ഒതുക്കാം. ബലേ ഭേഷ് എന്നല്ലാതെ എന്തുപറയാൻ.

# കിക്കിൽ അവസാനിക്കുമോ?

ചിക്കാഗോ കോൺഫ്രൻസ് റജിസ്ട്രേഷൻ കിക്ക് ഓഫ് ചെയ്തു എന്നോരു വാർത്ത ചില പെന്തക്കോസ്ത് പത്രങ്ങളിൽ കണ്ടു. ഈ തൊഴി ശുശ്രൂഷയിൽ പങ്കെടുത്ത നാലുപേരുടെ ചിത്രവും വാർത്തയോടൊപ്പം ഉണ്ടായിരുന്നു. നോർത്ത് അമേരിക്കൻ പെന്തക്കോസ്ത് മലയാളികളുടെ 27-ാമത് ദേശീയ കൺവൻഷനാണ് 2009 ജൂലൈ 2 മുതൽ 5 വരെ ചിക്കാഗോയിൽ നടക്കാൻ പോകുന്നത്.

കൺവൻഷനിന്റെ രജിസ്ട്രേഷൻ കിക്കോഫ് ചെയ്തത് തെറ്റാണെന്ന അഭിപ്രായം ഡിഫെൻഡറിനില്ല. പക്ഷേ ഒരപേക്ഷയുണ്ട്: ചിക്കാഗോ കോൺഫ്രൻസ് കിക്കോടെ അവസാനിക്കാൻ ഇടയാകരുത്.

# ഒറീസാ പാക്കേജിന് പാരവച്ചതാര്?

ചില മാസങ്ങൾക്കു മുമ്പ് ഒറീസായിലെ ക്രിസ്ത്യാനികൾക്ക് അനുഭവിക്കേണ്ടി വന്ന പീഡയെപ്പറ്റി അറിയാത്തവരുണ്ടാകില്ല. ചില പെന്തക്കോസ്ത് പത്രങ്ങൾ ഇതു ശരിക്കും ആഘോഷിക്കുകയും ചെയ്തു.

പെന്തക്കോസ്തുകാരുടെ ഐക്യവേദിയാണ് പി.സി. ഐ. എന്നാണല്ലോ വയ്പ്. അതുകൊണ്ട് ഒറീസാക്കാരെ സഹായിക്കാൻ പി.സി.ഐ.ക്ക് താത്പര്യം തോന്നിയത് സ്വാഭാവികം. പക്ഷേ വിശേഷം അന്വേഷിക്കാൻ ഒറീസയിലേക്ക് പോയാൽ തലയും കൊണ്ട് തിരിച്ചുപോരാനാവില്ല. അതുകൊണ്ട് പ്രശ്നം ആറിത്തണുക്കുന്നതുവരെ കാത്തിരുന്നു.

ഒറീസാ ശാന്തമായപ്പോൾ പി.സി.ഐ.യുടെ ഒരു പ്രതിനിധി ഗുജറാത്തിലെത്തി. കോട്ടയംകാരനായ ഒരു പാസ്റ്ററോടൊപ്പം താമസിച്ച് വിവരങ്ങൾ ശേഖരിച്ചു. പാസ്റ്ററുടെ സഹായത്തോടെ കുറേ ഫോട്ടോകളും മറ്റും എടുക്കുകയും ചെയ്തു. എത്രയും വേഗം പി.സി.ഐ.യുടെ സഹായം ഒറീസയിലെത്തുമെന്നു വാക്കു പറഞ്ഞിട്ട് പ്രതിനിധി മടങ്ങി.

ഒറീസയിലെ വിശേഷങ്ങളുമായി എത്തിയ പ്രതിനിധി ഒരു പത്രസമ്മേളനം നടത്തി. ഫോട്ടോകളും സ്ലൈഡുകളും മറ്റും കാണിക്കുകയും ചെയ്തു. ഒറീസായിലുള്ളവരെ സഹായിക്കാൻ ഒരു ഫണ്ടു പിരിക്കുന്നതിനെപ്പറ്റി ആലോചിക്കാനായിരുന്നു പരിപാടി. പക്ഷേ അതൊന്നും നടന്നില്ല. പത്രസമ്മേളനം തന്നെ ശരിക്കു നടന്നില്ല എന്നു പറയുകയാകും നല്ലത്.

എന്താണ് സംഭവിച്ചത്? ഈ പത്രസമ്മേളനത്തിൽ പങ്കെടുക്കാൻ എല്ലാ പെന്തക്കോസ്ത് പത്രക്കാരെയും ക്ഷണിച്ചിരുന്നതുകൊണ്ട് ബിലീവേഴ്സ് ജേർണലിന്റെ പ്രതിനിധിയായി അനിൽ കൊടിത്തോട്ടവും എത്തിയിരുന്നു. ദളിതനായ അനിലിനെ കണ്ടതോടെ അച്ചൻകുഞ്ഞ് ഇലന്തൂർ ചൂടായി. ദളിതനോടൊപ്പം പത്രസമ്മേളനത്തിൽ പങ്കെടുക്കാൻ തയ്യാറാകാതെ അച്ചൻകുഞ്ഞ് സ്ഥലം വിട്ടു. ഈ സംഭവത്തോടെ പത്ര സമ്മേളനം അലങ്കോലമായി. ഒറീസാ സഹായത്തെപ്പറ്റി ആലോചിച്ചതുമില്ല.

ഇപ്പോൾ പുലിവാലു പിടിച്ചിരിക്കുന്നത് പി.സി.ഐ. പ്രതിനിധിയെ വീട്ടിൽ താമസ്സിപ്പിക്കുകയും കൊണ്ടുനടന്ന് ഫോട്ടോ എടുപ്പിക്കുകയും മറ്റും ചെയ്ത പാസ്റ്ററാണ്. പി.സി.ഐ. നല്ലൊരു തുക ഒറീസക്കുള്ള സഹായമായി ഈ പാസ്റ്ററെ ഏൽപ്പിച്ചിട്ടുണ്ടെന്നും മലയാളിയായ ഈ പാസ്റ്റർ ഒറീസാക്കാരെ കബളിപ്പിച്ച് ആ പണം തട്ടിയെടുത്തു എന്നുമാണ് ഒറീസാക്കാർ പറയുന്നത്. ഉടൻ പണം കിട്ടിയില്ലെങ്കിൽ ഈ പാസ്റ്റർക്കെതിരെ വിശ്വാസവഞ്ചനക്ക് കേസ്സുകൊടുക്കാനാണ് ഒറീസാക്കാരുടെ പദ്ധതി.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഡിഫെൻഡറിനറിയേണ്ടതിത്രമാത്രം: ആരാണ് ഒറീസാക്കാരെ വഞ്ചിച്ചത്? പി.സി. ഐ. ആണോ? അതോ അച്ചൻകുഞ്ഞാണോ? മറ്റാരെങ്കിലുമാണോ? വഞ്ചിച്ചതാരായാലും ഒറീസായിലുള്ള പാവം മലയാളി പാസ്റ്ററെ കുടുക്കരുത്.

# കൊട്ടാരക്കരയിൽ തസ്ക്കരസംഗമം

പെന്തക്കോസ്തിലെ പ്രധാന കള്ളന്മാരെല്ലാം കൊട്ടാരക്കരയിൽ ഒത്തുകൂടീയിരിക്കുന്നു. കൊട്ടാരക്കരക്കാർ സൂക്ഷിക്കുക.

ടിനു ജോർജ്ജ് എന്ന ഫ്രോഡിന്റെ നേതൃത്വത്തിലാണ് തസ്ക്കരസംഗമം. ഡിസംബർ 11ന് ആരംഭിച്ച കലാപരിപാടി 31 വരെ തുടരും ചുമ്മാ ഡോ. എം. എ.വർഗ്ഗീസ്, അനി ജോർജ്ജ്, ഫിന്നി സ്റ്റീഫൻ, കെ.എ.ഏബ്രഹാം, സുരേഷ് ബാബു തുടങ്ങിയ പ്രധാന കള്ളന്മാരെല്ലാം ഈ സംഗമത്തിൽ പങ്കെടുക്കുന്നുണ്ട്. എന്തൊക്കെ സംഭവിക്കുമെന്ന് കണ്ടുതന്നെ അറിയണം.



# ഏൻ ഓതി ഓതി, പിള്ള ക്രിഞ്ചി ക്രിഞ്ചി

കപ്പൽ അപകടത്തിൽ നിന്നു രക്ഷപ്പെട്ട് പൗലോസ് മാൾട്ടാ ദ്വീപിലെത്തി. അവിടെ ഇരുന്ന് തീ കായുന്നതിനിടയിൽ കുറച്ചു വിറകെടുത്ത് പൗലോസ് തീയിലേക്കിട്ടു. അപ്പോൾ പൗലോസിനെ ഒരു അണലി കടിച്ചെങ്കിലും അദ്ദേഹത്തിന് വിഷബാധ ഏറ്റില്ല. ഈ കഥയൊക്കെ നമുക്കറിയാം. പക്ഷേ ഇതിൽ നിന്ന് നാം എന്താണ് മനസ്സിലാക്കേണ്ടത്?

പൗലോസ് എവിടെ തീ കണ്ടാലും അതിലേക്ക് വിറകുകൊള്ളികൾ എടുത്തിട്ട് തീ കൂടുതൽ ജ്വലിപ്പിക്കുന്നവനായിരുന്നു. അതാണ് ദൈവദാസന്മാർ ചെയ്യേണ്ടത്. പക്ഷേ ഇന്നു പലരും തീ കണ്ടാലുടൻ അതിൽ വെള്ളമൊഴിച്ച് കെടുത്താനാണ് ശ്രമിക്കുന്നത്. ഇത്രയും വായിച്ചപ്പോൾ നിങ്ങൾക്ക് എന്തൊക്കയോ പൊരുത്തക്കേടുകൾ തോന്നിയിരിക്കാം.

എവിടെ തീ കണ്ടാലും അതിലേക്ക് പൗലോസ് വിറകുകൊള്ളികൾ ഇടുമായിരുന്നു എന്ന് ബൈബിളിൽ എവിടെയാണു പറയുന്നത്? കാണുന്ന തീയിലേക്കെല്ലാം വിറകുകൊള്ളികൾ ഇടേണ്ട ആവശ്യമെന്താണ്? ചില തീയൊക്കെ വെള്ളമൊഴിച്ച് കെടുത്തേണ്ടതല്ലേ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ നിങ്ങളുടെ മനസ്സിൽ തോന്നുന്നുണ്ടാകാം. ആ സംശയങ്ങളൊക്കെ തികച്ചും ന്യായം തന്നെ. പക്ഷേ ഇത്തരം സംശയങ്ങളുണ്ടാകുന്നത് മഹാപാപമാണ് എന്നു പ്രഖ്യാപിക്കുന്ന ഒരാൾ ഈ ഭൂമിയിലുണ്ട്. അത് ഈ പ്രസംഗം നടത്തിയ ആൾ തന്നെ. ഇത്രയും പറഞ്ഞപ്പോൾ നിങ്ങൾക്കു പ്രസംഗകനെ പിടികിട്ടിക്കാണും എന്നു കരുതുന്നു. ഇത്തരം വിഡ്ഢിത്തരങ്ങൾ പ്രസംഗിക്കാൻ ഒരാൾക്കേ ധൈര്യം വരൂ: സാക്ഷാൽ കെ.എ.ഏബ്രഹാമിന്.

ശാരോൻ കൺവൻഷന്റെ ഏതെങ്കിലും രാത്രിയോഗത്തിൽ കെ.എ.ഏബ്രഹാമിന് ഏതാനും മിനിറ്റെങ്കിലും പ്രസംഗിക്കാൻ കൊടുത്ത് അവറാന്റെ അഭിമാനം സംരക്ഷിക്കണം എന്ന് ശാരോനിലെ ചില നേതാക്കന്മാർക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ കെ.എ.ഏബ്രഹാമിന് സമയം കൊടുക്കുന്നതിനെതിരെ ശക്തമായ ജനവികാരമുണ്ടായിരുന്നതുകൊണ്ട് രാത്രി യോഗങ്ങളിൽ പ്രസംഗിക്കാൻ സമയം കൊടുത്തില്ല. അമ്മായിയും കുടിച്ചു പാൽക്കഞ്ഞി എന്നു പറഞ്ഞതുപോലെ ശാരോൻ കൺവൻഷനിൽ കെ.എ.ഏബ്രഹാമും പ്രസംഗിച്ചു എന്നു വരുത്തി തീർക്കാനായി പിന്നീടുള്ള ശ്രമം. അങ്ങനെ വെള്ളിയാഴ്ച പകൽ നടന്ന മീറ്റിങ്ങിൽ പ്രസംഗിച്ച പലരിൽ ഒരാളായി കെ.എ.ഏബ്രഹാമും പ്രസംഗിച്ചു. ആ പ്രസംഗത്തിലാണ് കെ.എ.ഏബ്രഹാം പൗലോസിനെ സ്ഥിരം തീ കത്തിക്കൽകാരനാക്കിയത്.

കെ.എ.ഏബ്രഹാം പ്രസംഗിക്കുന്ന വിവരക്കേടുകളേക്കുറിച്ച് ഡിഫെൻഡർ എഴുതാൻ തുടങ്ങിയിട്ട് മൂന്നു വർഷത്തിലധികമായി. അതിനിടയിൽ അവറാന്റെ പതാക പ്രസംഗം സെക്യുലർ മാധ്യമങ്ങളിൽ പോലും വിവാദമായി. പക്ഷേ ഈ ചങ്ങാതി ഇപ്പോഴും വിവരക്കേടുകൾ പ്രസംഗിച്ചുകൊണ്ടേയിരിക്കുന്നു.

ഏതു പോലിസുകാരനും ഒരബദ്ധമൊക്കെ പറ്റും എന്നൊരു ചൊല്ലുണ്ട്. പക്ഷേ അബദ്ധമേ പറ്റു എന്നുവന്നാലോ? കെ.എ.ഏബ്രഹാം പ്രസംഗിക്കുന്ന വിഡ്ഢിത്തങ്ങൾ ഡിഫെൻഡർ എണ്ണിയെണ്ണി പറയുമ്പോൾ മേലിലെങ്കിലും ഇത്തരം അബദ്ധങ്ങൾ പറ്റാതിരിക്കാൻ ശ്രദ്ധിക്കുക എന്നത് തികച്ചും സ്വാഭാവികമായ നടപടിയാണ്. പക്ഷേ അത്തരത്തിലുള്ള ഒരു ശ്രമവും അവറാൻ നടത്തിയതായി കാണുന്നില്ല.

പൗലോസ് എവിടെ തീ കണ്ടാലും അതിലേക്ക് വിറകെടുത്തിടുമായിരുന്നു എന്നു പറയാൻ തെളിവുണ്ടോ എന്ന് ഈ പ്രസംഗം നടത്തുന്നതിനു മുമ്പായി പരിശോധിക്കാൻ ഏറെയൊന്നും ബുദ്ധിമുട്ടേണ്ടതില്ല. പൗലോസിനെ തീയുടെ അടുത്തുകാണുന്ന മറ്റൊരു സന്ദർഭവും ബൈബിളിലില്ല. തീയുടെ അടുത്തെന്നല്ല വിറകിന്റെ അടുത്തും പൗലോസ് പോയതായി രേഖയില്ല. അങ്ങനെയിരിക്കെ പൗലോസ് എവിടെ തീ കണ്ടാലും അതിലേക്ക് വിറകിടുമായിരുന്നു എന്നു പറയുന്നത് എന്തടിസ്ഥാനത്തിലാണ്? കണ്ണിൽ കാണുന്ന പാമ്പിനെയെല്ലാം പിടിച്ച് തീയിലിടുക എന്നത് പൗലോസിന്റെ സ്ഥിരം പരിപാടിയായിരുന്നു എന്ന് നാളെ പ്രസംഗിക്കാനും ഇടയുണ്ട്. പാമ്പിനെ സാത്താനാക്കുകകൂടി ചെയ്താൽ വ്യാഖ്യാനം ഉഷാറാകും.

മഴയും തണുപ്പും മൂലമാണ് പൗലോസ് തീ കാഞ്ഞത് എന്ന് ബൈബിളിൽ തന്നെ വ്യക്തമായി പറയുന്നുണ്ട്. അത് അക്ഷരാർത്ഥത്തിലുള്ള തീയായിരുന്നു എന്ന് വിശേഷിച്ചു പറയേണ്ടതുമില്ല. പക്ഷേ അതുകൊണ്ടൊന്നും അവറാന് തൃപ്തി വരുന്നില്ല. അത് ആത്മീയ അഗ്നിയാണെന്നും വിറകിടുക എന്നു പറഞ്ഞാൽ ഉണർവ്വുണ്ടാക്കുക എന്നാണ് അർത്ഥമെന്നും വ്യഖ്യാനിച്ചാൽ മാത്രമേ കെ.എ.ഏബ്രഹാമിന് തൃപ്തിയാകൂ. ഇതൊക്കെ കേട്ട് ഹല്ലേലുയ്യ പറയാനും ആത്മാവിലാകാനും ആളുണ്ട്. ഈ വ്യാഖ്യാനം പറയാൻ അവറാനെ അവിടെ കയറ്റിനിർത്തിയ ടി.പി. ഏബ്രാഹാമിന് ഈ വിഷയത്തിൽ എന്താണു പറയാനുള്ളത് എന്നറിയാൻ ഡിഫെൻഡറിന് ആഗ്രഹമുണ്ട്.

ഈ വ്യാഖ്യാനം തെറ്റാണ് എന്ന് കെ.എ.ഏബ്രഹാമിനോട് ഒന്നു പറഞ്ഞുനോക്കൂ. അപ്പോളറിയാം അവറാന്റെ വിജ്ഞാനം. ഇങ്ങനെ വ്യാഖ്യാനിച്ചാൽ എന്താണ് തെറ്റ്? ഏതാണ് ശരിയായ വ്യാഖ്യാനം, ഏതാണ് തെറ്റായ വ്യാഖ്യാനം എന്നൊക്കെ തീരുമാനിക്കാനുള്ള അധികാരി ആരാണ്? നിങ്ങൾ വ്യാഖ്യാനിക്കുന്നതുപോലെ തന്നെ എല്ലാവരും വ്യാഖ്യാനിച്ചുകൊള്ളണം എന്ന് ശഠിക്കാൻ നിങ്ങൾക്കാരാണ് അധികാരം തന്നത്? എന്റെ വ്യാഖ്യാനത്തിൽ തെറ്റുണ്ടെങ്കിൽ ഈ പ്രസംഗം കേട്ടുകൊണ്ടിരുന്ന ശാരോൻ നേതാക്കന്മാർ പറയാതിരുന്നതെന്ത്? ഇങ്ങനെ ഒരു നൂറു ചോദ്യങ്ങൾ അവറാൻ നിങ്ങളോട് തിരിച്ചു ചോദിക്കും. അവറാനെ വ്യാഖ്യാന ശാസ്ത്രം പഠിപ്പിക്കാൻ പോയ നിങ്ങൾ ഒടുവിൽ വായും പൊളിച്ച് നിൽക്കേണ്ടതായി വരും. എന്നെ തല്ലേണ്ടമ്മാവാ, ഞാൻ നന്നാകില്ല എന്ന് പറഞ്ഞതുപോലെയാണ് അവറാന്റെ സ്ഥിതി.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദുരുപദേശക്കാർ, ദുർനടപടിക്കാർ, വ്യാജന്മാർ തുടങ്ങിയവരെ ഡിഫെൻഡർ ഇത്രത്തോളം തുറന്നുകാട്ടിയിട്ടും ഇവരെ ദൈവദാസന്മാരായി പരിഗണിക്കാനും പ്രോഗ്രാമുകൾക്കു വിളിക്കാനും പണം കൊടുക്കാനും ഏറെപ്പേർ തയ്യാറാകുന്നു. ഇതിന്റെ കാരണമെന്ത്?

■ ഒറ്റവാക്കിൽ ഉത്തരം പറയാവുന്ന ചോദ്യമല്ലിത്. അതുകൊണ്ട് അൽപം വിശദമായിത്തന്നെ പറയാം.

1. അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ ഭൂരിപക്ഷം പെന്തക്കോസ്തുകാരും ഡിഫെൻഡർ ഇന്റർനെറ്റിലൂടെ വായിക്കുന്നുണ്ട്. അതുകൊണ്ട് അമേരിക്കയിലും ഇംഗ്ലണ്ടിലും ഉള്ള വിശ്വാസികൾക്ക് പ്രധാന കള്ളന്മാരെ എല്ലാം ഇപ്പോൾ തിരിച്ചറിയാം. കെ.സി.ജോണിനു പോലും അതിന്റെ ഫലം ഇത്തവണ അനുഭവിക്കേണ്ടതായി വന്നു. പക്ഷേ ഇതല്ല ഗൾഫിലെ സ്ഥിതി. അവിടെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് കമ്പ്യൂട്ടറോ ഇന്റർനെറ്റോ ഇല്ല. അതുകൊണ്ട് ഗൾഫിലുള്ള പാവപ്പെട്ടവരെ കബളിപ്പിക്കാൻ ഈ കള്ളന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ല.

2. ഇന്ത്യയിൽ വളരെ കുറച്ചാളുകൾ മാത്രമേ ഇന്റർനെറ്റിലൂടെ ഡിഫെൻഡർ വായിക്കുന്നുള്ളു. ബാക്കിയുള്ളവർ വരിസംഖ്യതന്ന് ഡിഫെൻഡർ വാങ്ങി വായിക്കുകയാണ് ചെയ്യുന്നത്. വരിസംഖ്യ തരാത്തവർക്ക് ഡിഫെൻഡർ ലഭിക്കുകയില്ല. ഈ കാരണത്താൽ വിശ്വാസികളുടെ ഒന്നോ രണ്ടോ ശതമാനം മാത്രമേ ഡിഫെൻഡറിലൂടെ സത്യം അറിയുന്നുള്ളു.

3. സത്യം ഗ്രഹിച്ചിട്ടും ഈ കള്ളന്മാരെ സ്വീകരിക്കുന്നവരുണ്ട്. അതിനു കാരണങ്ങൾ പലതാണ്.

കെ.സി.ജോണിനെപ്പോലുള്ള കള്ളന്മാർക്ക് ഇന്ത്യയിൽ പ്രോഗ്രാമിനു പഞ്ഞമുണ്ടാകുകയില്ല. ഇത്തരക്കാരുടെ പ്രീതി സമ്പാദിച്ച് നേട്ടങ്ങളുണ്ടാക്കാനുള്ള താത്പര്യം മൂലമാണ് പലരും ഇവരെ പ്രോഗ്രാമുകൾക്ക് വിളിക്കുന്നത്. നേതാക്കന്മാർ പിണങ്ങിയാലുള്ള അനുഭവമെന്തെന്ന് പാസ്റ്റർമാർക്കറിയാം.

അറിയപ്പെടുന്ന പ്രസംഗകരുടെ പേരുകൾ നോട്ടീസിലില്ലെങ്കിൽ കൺവൻഷൻ വിജയിക്കില്ല. അതുകൊണ്ട് കെ.സി.ജോണിനെപ്പോലുള്ളവരെ വിളിക്കാൻ സംഘാടകർ നിർബ്ബന്ധിതരാകുന്നു.

കെ.എ.ഏബ്രഹാമിനെപ്പോലുള്ള ജനപ്രിയ പ്രസംഗകരെ കൺവൻഷന് വിളിക്കുന്നതിന്റെ കാരണവും ഇതൊക്കെത്തന്നെ. പറയുന്നതൊക്കെ വിവരക്കേടാണെങ്കിലും ബഹുഭൂരിപക്ഷം വരുന്ന വിവരദോഷികളെ ആകർഷിക്കാൻ കെ.എ.ഏബ്രഹാമിനെപ്പോലുള്ളവർക്കു കഴിയും. മിമിക്രി ഉണ്ടെന്നു കേട്ട് പെരുന്നാളിന് ജനം കൂടുന്നതുപോലെയുള്ള അനുഭവമാണിത്. കാരണം എന്തുതന്നെയായാലും കൺവൻഷന് ആളുകൂടും. ജനം രസിച്ചിരുന്നു കേൾക്കും. അങ്ങനെ കൺവൻഷൻ 'വിജയിക്കും'. അതാണല്ലോ സംഘാടകർക്ക് വേണ്ടത്.

പാസ്റ്റർമാരിൽ നല്ലൊരു പങ്ക് ഈ പ്രസംഗകരെപ്പോലെ തന്നെ വഷളന്മാരാണ് എന്ന വസ്തുതയും ഇതോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ്. 'തൊഴിൽ' ഒന്നാകകൊണ്ട് ഈ കള്ളപ്രസംഗകരുമായി സഹകരിക്കാൻ സംഘാടകരായ പാസ്റ്റർമാർക്ക് ശങ്ക തോന്നുന്നില്ല.

ഡിഫെൻഡർ പറയുന്നതൊക്കെ കള്ളമാണെന്ന് വിശ്വസിക്കുന്ന പമ്പര വിഡ്ഢികളായ പാസ്റ്റർമാരും ഏറെയുണ്ട്. തലച്ചോറിനു പകരം തലയിൽ കളിമണ്ണുമായി ജനിച്ച ഈ സാധുക്കളെ ഓർത്ത് ദു:ഖിക്കാനെ കഴിയൂ. നേതാക്കന്മാർ പാപം ചെയ്യുന്നത് നേരിൽ കണ്ടാൽ പോലും ഇവർക്ക് വിശ്വാസം വരില്ല.

ഡിഫെൻഡർ പറയുന്നത് കള്ളമാണെങ്കിൽ ഈ നേതാക്കന്മാർ എന്തുകൊണ്ട് മാനനഷ്ടക്കേസ്സ് കൊടുക്കുന്നില്ല എന്ന് സാധുക്കളായ ഈ പാസ്റ്റർമാരോട് ചോദിച്ചു നോക്കൂ. ദൈവദാസന്മാർ കേസ്സിനു പോകുകയില്ല. അതുകൊണ്ടാണ് ഡിഫെൻഡറിനെതിരായി ഇവർ കേസ്സു കൊടുക്കാത്തത്. അവർ ദൈവത്തോടു പ്രാർത്ഥിക്കുകയേയുള്ളു. ദൈവം പ്രതികാരം ചെയ്തുകൊള്ളും. ഇതൊക്കെയായിരിക്കും ഈ കഴുതകളുടെ മറുപടി.

മറ്റൊരു തൊഴിലും കിട്ടാതെ വന്നപ്പോൾ സുവിശേഷ വേലയ്ക്ക് ഇറങ്ങിയവരാണ് ഇന്നത്തെ പാസ്റ്റർമാരിൽ ഭൂരിപക്ഷവും. ഇത്തരക്കാർക്ക് ദൈവത്തോടോ ദൈവവചനത്തോടോ പറയത്തക്ക മമതയൊന്നുമില്ല. ഭൗതീക നേട്ടങ്ങളിലാണ് അവരുടെ കണ്ണ്. അതിനു നേതാക്കന്മാരെ സന്തോഷിപ്പിക്കാതെ പറ്റില്ല. നേതാവ് ദുർമ്മാർഗ്ഗിയോ കള്ളനോ ആണെന്നത് ഇവർക്കൊരു പ്രശ്നമല്ല. നേതാവിന്റെ മനം തെളിഞ്ഞാൽ പാസ്റ്ററുടെ ഭാഗ്യമുദിച്ചു.

പാപം എന്നത് പെന്തക്കോസ്തിൽ ഗൗരവമുള്ള ഒരു പ്രശ്നമല്ലാതായി തീർന്നിട്ട് കാലം കുറേ ആയി. പണം, അധികാരം തുടങ്ങിയതൊക്കെയുണ്ടെങ്കിൽ എല്ലാമായി. ഇതൊന്നുമില്ലാത്തവൻ എത്ര വിശുദ്ധനായാലും തിരിഞ്ഞുനോക്കാൻ ആളുണ്ടാകില്ല. വ്യാജന്മാർക്ക് സ്റ്റേജുകൾ കിട്ടുന്നതിന്റെ കാരണം ഇതുതന്നെ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ബഥേൽ കപ്പലുടമയാകും



ബഥേൽ പി. ജേക്കബ് കപ്പലുടമയാകാൻ പോകുന്നു. ഒരു വിമാനം കിട്ടാനുള്ള സാധ്യതയുമുണ്ട്. പ്രവചനം നടത്തിയത് ഉമ്മവീരനായ മനു ചെറിയാനായതുകൊണ്ട് സംഗതി അച്ചട്ടാണ്.

അടുത്ത കാലത്ത് മനു ഡാളസ്സിൽ നടത്തിയ പര്യടനത്തിനിടയിൽ ബഥേലിന്റെ സഭയിലുമെത്തി. ബഥേലിനെ മനുവിനും മനുവിനെ ബഥേലിനും നന്നായി ഇഷ്ടപ്പെട്ടു. (തൊഴിൽ ഒന്നാണല്ലോ). മഹാ വിശുദ്ധനായ ബഥേലിന് ഉചിതമായ സമ്മാനം കൊടുത്തില്ലെങ്കിൽ അതു മോശമാകും എന്ന് മനുവിനു തോന്നി. അങ്ങനെയാണ് കപ്പലും വിമാനവുമൊക്കെ പ്രവചനത്തിലൂടെ വാഗ്ദത്തം ചെയ്തത്. ബഥേൽ ലോകം അറിയുന്ന പ്രസംഗകനാകുമെന്നും ബഥേലിന്റെ സഭ ലോകത്തിലെ ഏറ്റവും വലിയ സഭകളിൽ ഒന്നാകുമെന്നും വരെ മനു പറഞ്ഞു. ബഥേലിന് സന്തോഷിക്കാൻ ഇതിൽപ്പരം എന്താണു വേണ്ടത്?

പക്ഷേ മനു നല്ല കാര്യങ്ങൾ മാത്രമേ പ്രവചിക്കൂ എന്ന് കരുതേണ്ടതില്ല. ഉദാഹരണത്തിന് ബഥേലിന്റെ സഭയിലെ ഒരു വിശ്വാസിയോട് മനു നടത്തിയ പ്രവചനം വിചിത്രമാണ്. ഏറെ താമസിയാതെ ഈ വിശ്വാസി മരിച്ചു പോകുമത്രേ. ഇദ്ദേഹത്തിന്റെ ഭാര്യയേയും മക്കളെയുമൊക്കെ മനു അഡ്വാൻസായി ഓരോരുത്തരെ ഭരമേൽപ്പിക്കുകയും ചെയ്തു.

മനു കള്ളപ്രവാചകനാണെന്ന് സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാകും. പക്ഷേ കപ്പലും വിമാനവുമൊക്കെ കിട്ടുമെന്നു കേട്ടതോടെ ബഥേലിന് മനുവിനെ വിശ്വാസമായി. അതുകൊണ്ടാണ് തന്റെ സഭയിലെ മറ്റു വിശ്വാസികളോട് മനു കള്ളപ്രവചനം നടത്തിയിട്ടും ബഥേൽ പ്രതികരിക്കാതിരുന്നത്.

# മനുവിനും പറ്റി അമളി

കുപ്രസിദ്ധ കള്ളപ്രവാചകനായ മനു ചെറിയാന് ഡാളസ്സിലെ ഒരു സഭയിൽ വച്ച് ഒരു കിണ്ടം പിണഞ്ഞു. ഈ സഭയിൽ പലരോടും പ്രവചിച്ച് മിടുക്കനായി നിൽക്കുകയായിരുന്നു മനു. സഭയിലെ ഒരു സാധു സഹോദരൻ ആസന്ന ഭാവിയിൽ ഭിക്ഷക്കാരനാകുമെന്നും തമിഴ് നാട്ടിൽ പോയി അദ്ദേഹം ഭിക്ഷയെടുക്കുമെന്നും വരെ മനു പ്രവചിച്ചു. ഭാവിയിലെ ഭിക്ഷക്കാരന് മനു ഒരു ചെറിയ തുക ഭിക്ഷ കൊടുക്കുകയും ചെയ്തു.

പിന്നീട് മനു പ്രവചിക്കാൻ തുടങ്ങിയത് ഒരു യുവ പാസ്റ്ററോടാണ്. പ്രവചനം തുടങ്ങിയ ഉടൻ ആ യുവാവ് എഴുന്നേറ്റുപോയി. അൽപസമയം കഴിഞ്ഞ് അദ്ദേഹം മടങ്ങിവന്നു. ഉടൻ തന്നെ മനു പ്രവചനം പുനരാരംഭിച്ചു. ഇത് ആ യുവാവിന് ഒട്ടും ഇഷ്ടമായില്ല. ഉടൻ അദ്ദേഹം മനുവിന്റെ അടുത്തെത്തി ചെവിയിൽ എന്തോ ഓതി. (മനുവിന്റെവംശാവലിയാകാം). ഏതായാലും മനു പ്രവചനം നിർത്തി.

മേപ്പടി പാസ്റ്ററോട് ഒരപേക്ഷ: മനുവിന്റെ ചെവിയിൽ പറഞ്ഞ ആ ദിവ്യ മന്ത്രം ദയവായി മറ്റു വിശ്വാസികളെക്കൂടി പഠിപ്പിക്കണം. മനുവിനെപ്പൊലുള്ള കള്ളപ്രവാചകന്മാരുടെ കയ്യിൽ നിന്ന് രക്ഷപ്പെടാൻ ആ മന്ത്രം തീർച്ചയായും ഉപകരിക്കും.

# മോനച്ചൻ പ്രവചിക്കുന്നതെങ്ങനെ?



മോനച്ചൻ പ്രവാചകൻ തികഞ്ഞ വ്യഭിചാരിയാണെന്ന് തെളിവുസഹിതം ഡിഫെൻഡർ പറഞ്ഞതോടെ മോനച്ചൻ പ്രവാചകൻ ശരിക്കും കുഴഞ്ഞിരിക്കുകയാണ്. നാട്ടിൽ നിൽക്കക്കള്ളി ഇല്ലാതായതോടെ മോനച്ചന്റെ ഭാര്യയും മകളും അബുദാബിയിലെത്തി. പക്ഷേ അപ്പനുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയാതെ വന്നതു നിമിത്തം മകൾ തിരിച്ചു പോന്നു. കൂനിൻമേൽ കുരു എന്നതു പോലെ മോനച്ചന്റെ സ്വത്തിനെപ്പറ്റി ചില സർക്കാർ ഏജൻസികൾ അന്വേഷണവും ആരംഭിച്ചു. എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് മോനച്ചൻ പ്രവാചകൻ.

മോനച്ചൻ അത്യുഗ്രൻ പ്രവാചകനാണെങ്കിലും ഇതൊന്നും മുൻകൂട്ടി കാണാൻ മോനച്ചനു കഴിഞ്ഞില്ല. മോനച്ചന്റെ ദൈവത്തിന് ബാലന്റെ മനസ്സിലുള്ളതെന്താണെന്ന് കണ്ടെത്താൻ കഴിഞ്ഞില്ലെന്നു വ്യക്തം.

ഇത്ര വലിയ ദുർന്നടപ്പുകാരനാണെങ്കിൽ മോനച്ചന്റെ പ്രവചനം ഒത്തുവരുന്നതെങ്ങനെ എന്ന് പലരും ചോദിക്കാറുണ്ട്. പൊട്ടക്കണ്ണന്റെ മാവേലേറു പൊലെ ചിലതൊക്കെ ശരിയാകും. ഇങ്ങനെ ശരിയാകുന്ന പ്രവചനത്തിന് മോനച്ചൻ വലിയ പബ്ലിസിറ്റി കൊടുക്കും. തെറ്റിപ്പോകുന്ന പ്രവചനങ്ങൾ ഏവരും മറക്കും. ഇങ്ങനെയാണ് മോനച്ചൻ അച്ചട്ടായി പ്രവചിക്കുന്നത്. സാം കുഴിക്കാലായുടെ കമ്പനി ലോകത്തിലെ ഏറ്റവും വലിയ കമ്പനികളിൽ ഒന്നാകും എന്നു മോനച്ചൻ പ്രവചിച്ചിരുന്നു. ഇതു വിശ്വസിച്ച് പലരും സാം കുഴിക്കാലയ്ക്ക് പണം കൊടുത്തു. ഇപ്പോൾ പണവുമില്ല, കുഴിക്കാലായുമില്ല. ഈ വിധത്തിലാണ് മോനച്ചന്റെ അച്ചട്ടു പ്രവചനം.

പ്രവചനം പറഞ്ഞ് സ്ത്രീകളെ വീഴ്ത്താനുള്ള തന്ത്രങ്ങളൊക്കെ മോനച്ചനറിയാം. ഭാര്യമാർ പറയുന്നതെല്ലാം അതേപടി വിശ്വസിക്കുന്ന വിഡ്ഢികളായ ഭർത്താക്കന്മാരും മോനച്ചനെ വലിയ പ്രവാചകനായി കണക്കാക്കുന്നു. ഇത്തരക്കാരുടെയൊക്കെ പ്രചരണം കേട്ടുവിശ്വസിച്ച് മറ്റുള്ളവരും കുരുക്കിലാകുന്നു. ഇതാണ് മോനച്ചന്റെ പ്രവചനം.

# ചാരനെ പിടികൂടാൻ ഉപവാസയജ്ഞം

ബഥേൽ ഉറക്കെ ഒന്നു തുമ്മിയാൽ അത് ബാലനറിയും. എങ്ങനെ? വെളിപ്പാടും ദർശനവും ഒന്നുമല്ലെന്ന് വ്യക്തം. പിന്നെങ്ങനെ? സഭയിൽ മിനിമം ഒരു ചാരനെങ്കിലും ഉണ്ടായിരിക്കുമെന്നു തീർച്ച. അതാരാണെന്ന് കണ്ടെത്താനുള്ള തീവ്രശ്രമത്തിലാണ് ബഥേൽ ഇപ്പോൾ.

ചാരനെ പിടിക്കാൻ എന്താണ് വഴി? ഉപവാസം തന്നെ. ലോക രാജ്യങ്ങൾ ചാരന്മാരെ പിടിക്കുന്നത് ഉപവാസത്തിലൂടെ ആണെന്ന വസ്തുത അറിയാത്ത ആളല്ല ബഥേൽ. അങ്ങനെ ചാരനെ പിടിക്കാനുള്ള ഉപവാസം ബഥേലിന്റെ സഭയിൽ പൊടിപൊടിക്കുകയാണ്.

ചാരനുള്ളത് ഡാളസ്സിലെ സഭയിലാണെങ്കിൽ ഇന്ത്യയിൽ നടക്കുന്ന കാര്യങ്ങൾ ബാലനറിയുന്നതെങ്ങനെ?ബഥേൽ ഇന്ത്യയിൽ കാട്ടിക്കൂട്ടുന്ന സകല തോന്ന്യാസങ്ങളും ബാലനറിയുന്നുണ്ടല്ലോ. ഉദാഹരണത്തിന് മത്തായി മർക്കോസ് ലൂക്കോസ് യോഹന്നാൻ എപ്പിസോഡുവരെ ബാലനറിയാം. ബാലന്റെ സകല ചാരന്മാരേയും പിടിക്കാൻ ഉപവാസം കുറെ വേണ്ടിവരും.

# ഷാജി കുഴയുന്നു



ഷാജി സുകുമാരന്റെ തട്ടിപ്പുകളെക്കുറിച്ച് ഡിഫെൻഡറിൽ വാർത്തവരാൻ തുടങ്ങിയതോടെ ഈ മാന്യദേഹം കഷ്ടത്തിലായിരിക്കുകയാണ്. ബഹറിനിലുള്ള ഭൂരിപക്ഷം വിശ്വാസികളും ഷാജിയുടെ തനിനിറം കണ്ടു കഴിഞ്ഞു. ഇനിയും ജനവഞ്ചന നടത്തി ജീവിക്കുക അത്ര എളുപ്പമല്ല. ഡിഫെൻഡർ എഴുതുന്നതെല്ലാം കള്ളമാണെന്ന് പറഞ്ഞുനോക്കിയെങ്കിലും വിശ്വസിക്കാൻ ഏറെപ്പേരുണ്ടായില്ല. നാട്ടിലുള്ള അനാഥശാലയുടെ മറവിൽ കുറെ പണം തട്ടിയിരുന്നെങ്കിലും സത്യം മനസ്സിലായതോടെ അനാഥശാലക്കാർ ഷാജിയുമായുള്ള ബന്ധം വിട്ടു. ടി.വി.ചാനലിന്റെ പേരു പറഞ്ഞ് പലരിൽ നിന്നായി ലക്ഷങ്ങൾ തട്ടിയെടുത്തുകഴിഞ്ഞു. പക്ഷേ ചാനൽ എങ്ങുമെത്തിയിട്ടില്ല. പണം നൽകിയവരോട് മറുപടി പറഞ്ഞു മടുത്തു. ചാനലിന്റെ പേരിൽ കൂടുതൽ പണം തട്ടാനുള്ള പഴുത് ഡിഫെൻഡർ അടയ്ക്കുകയും ചെയ്തു. അങ്ങനെ ഡിഫെൻഡറിലെ വാർത്തമൂലം ഷാജി സുകുമാരൻ ശരിക്കും കറങ്ങിയിരിക്കുകയാണ്.

# അജ്ഞൻ അംബാസിഡറായി

അച്ചൻകുഞ്ഞ് ഇലന്തൂർ യിസ്രായേലിന്റെ അംബാസിഡറായി എന്നൊരു ഉശിരൻ വാർത്ത ഈയിടെ പ്രമുഖ പെന്തക്കോസ്ത് പത്രങ്ങളിലെല്ലാം കണ്ടു. അച്ചൻകുഞ്ഞ് യിസ്രായേലിന്റെ അംബാസിഡറായി എന്നാണ് മിക്കവരും മനസ്സിലാക്കിയത്. സംഗതി സത്യമാണെങ്കിൽ അത്ര മോശമാണെന്ന് പറയാനുമാവില്ല. പക്ഷേ സംഗതി ഇതൊന്നുമല്ല. അച്ചൻകുഞ്ഞ് മൂന്നോ നാലോ വട്ടം കുറേ ആളുകളേയും കൊണ്ട് യിസ്രായേൽ സന്ദർശനത്തിനു പോയി. ഇങ്ങനെ ടൂറിസ്റ്റുകളെ കൊണ്ടുവരുന്നവർക്ക് ഒരു പ്രോത്സാഹനം എന്ന നിലയ്ക്ക് ടൂറിസം ഗുഡ്‌വിൽ അംബാസിഡർ എന്നൊരു സർട്ടിഫിക്കറ്റ് കൊടുക്കും. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ച ആയിരക്കണക്കിന് ആളുകൾ ഈ ലോകത്തുണ്ട്. അവരിലൊരുവൻ മാത്രമാണ് നമ്മുടെ അജ്ഞൻ കുഞ്ഞ്. തമിഴിൽ 'ആയിരത്തിലൊരുവൻ' എന്നൊരു സിനിമയുണ്ട്. അച്ചൻ കുഞ്ഞ് ആയിരങ്ങളിൽ ഒരുവൻ മാത്രമാണ്. ഇത് വാർത്തയാക്കിയവന്റെയൊക്കെ അറിവും തൊലിക്കട്ടിയും അപാരം തന്നെ. ഇനി അച്ചൻകുഞ്ഞിന് ഒരു ആലിന്റെ കുറവേയുള്ളൂ.






# ഡിഫെൻഡറിന് വ്യക്തമായ നിലപാടുണ്ട്

എന്തിനേയും ഏതിനേയും വിമർശിക്കലാണ് ഡിഫെൻഡറിന്റെ പ്രധാന പരിപാടി എന്ന് ധരിച്ചുവച്ചിരിക്കുന്നവർ നിരവധിയുണ്ട്. പക്ഷേ ഈ ധാരണ ശരിയല്ല. എല്ലാ വിഷയങ്ങളിലും ഡിഫെൻഡറിന് വ്യക്തമായ നിലപാടുണ്ട്. ഇതിനനുസൃതമായി മാത്രേ ഡിഫെൻഡർ വിമർശിക്കുകയുള്ളു. സംശയമുള്ളവർ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കുക:

1. ഡിഫെൻഡർ ഏതെങ്കിലും ദുരുപദേശം പ്രചരിപ്പിച്ചിട്ടുണ്ടോ?
2. ഗുരുതരമായ ദുർനടപടികളുള്ള പെന്തക്കോസ്ത് നേതാക്കന്മാരേയും പാസ്റ്റർമാരേയും അല്ലാതെ ഏതെങ്കിലും സാധുവിനെ ഡിഫെൻഡർ അവഹേളിച്ചിട്ടുണ്ടോ?
3. പെന്തക്കോസ്ത് നേതാക്കന്മാരെക്കുറിച്ച് ഡിഫെൻഡർ എഴുതിയ ദുർന്നടപ്പുകഥകളിൽ ഏതെങ്കിലും ഒന്ന് വാസ്തവവിരുദ്ധമാണെന്ന് തെളിയിക്കാമോ?
4. സാധാരണക്കാരായ വിശ്വാസികൾക്ക് മുന്നറിയിപ്പു കൊടുക്കുവാൻ വേണ്ടിയല്ലാതെ ആരെയെങ്കിലും ഡിഫെൻഡർ വിമർശിച്ചിട്ടുണ്ടോ?

ഇങ്ങനെ ഒന്നോന്നായി പരിശോധിക്കുമ്പോഴാണ് എന്തിനേയും ഏതിനേയും വിമർശിക്കുന്ന പത്രമല്ല ഡിഫെൻഡർ എന്ന വസ്തുത വ്യക്തമാകുന്നത്.

നമുക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അത് അവരെ നേരിൽ കണ്ട് പറയുകയാണ് ചെയ്യേണ്ടത്. അല്ലാതെ പത്രത്തിലെഴുതി അവരെ അവഹേളിക്കുകയല്ല വേണ്ടത്. ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ തുടങ്ങിയ നാൾ മുതൽ കേൾക്കുന്ന ഒരു വിമർശനമാണിത്. ഈ നിലപാട് പൂർണ്ണമായും ശരിയാണ്. നമുക്കു വിരോധമുള്ളവർക്കെതിരെ രഹസ്യമായും പരസ്യമായും അപവാദം പറഞ്ഞു നടക്കുന്നത് ഒട്ടും ശരിയല്ല. ഡിഫെൻഡർ അങ്ങനെ ചെയ്യുന്നുമില്ല. കെ.സി.ജോൺ, ടി.എസ്. ഏബ്രഹാം, ടി.ജെ.ശമുവേൽ, കെ.എ.ഏബ്രഹാം, സുരേഷ് ബാബു തുടങ്ങി ഡിഫെൻഡറിന്റെ വിമർശനത്തിന് വിഷയമാകുന്ന ആരോടും ഡിഫെൻഡറിന് വ്യക്തിപരമായ വിരോധമില്ല. വ്യക്തിവൈരാഗ്യം തീർക്കാൻ വേണ്ടിയല്ല ഡിഫെൻഡർ ഇവരെ വിമർശിക്കുന്നത്. ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം:

ടി.എസ്.ഏബ്രഹാം ദുർന്നടപ്പ് തൊഴിലാക്കിയവനാണെന്ന് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുണ്ട്. ഇനിയും എഴുതും. പക്ഷേ ടി.എസ്.ഏബ്രഹാമിന്റെ ഭാര്യയെപ്പറ്റി ഒരു വാക്കുപോലും ഡിഫെൻഡർ എഴുതിയിട്ടില്ല. വൽസൻ നടത്തുന്ന സാമ്പത്തിക വെട്ടിപ്പുകളെക്കുറിച്ച് ഡിഫെൻഡർ എഴുതാറുണ്ട്. പക്ഷേ വൽസൻ ദുർന്നടപ്പുകാരാണെന്ന് ഡിഫെൻഡർ എഴുതിയിട്ടില്ല. ടി.എസ്. ഏബ്രഹാമിന്റെ മൂത്ത മകളേപ്പറ്റി ഡിഫെൻഡർ ഗുണമോ ദോഷമോ എഴുതിയിട്ടില്ല. അതേ സമയം മേഴ്സിയുടെ ദുർന്നടപ്പുകഥകളും ഇളയപുത്രിയുടെ ഇതിഹാസങ്ങളും ഡിഫെൻഡർ എഴുതിയിട്ടുമുണ്ട്. ടി.എസ്.ഏബ്രഹാമിനോടുള്ള വിരോധം മൂലമാണ് ഡിഫെൻഡർ അദ്ദേഹത്തെ വിമർശിക്കുന്നതെങ്കിൽ ഇങ്ങനെയൊക്കെ ആയിരിക്കില്ലല്ലോ ചെയ്യുക.

കെ.സി.ജോണിനെ ഡിഫെൻഡർ നിരന്തരം വിമർശിച്ചു വ രുന്നു പക്ഷേ കെ.സി.തോമസ് ദു ർന്നടപ്പുകാരനാണെന്ന് ഡിഫെൻഡർ ഒരിക്കലും പറഞ്ഞിട്ടില്ല. കെ.സി.തോമസിന്റെ മക്കളുടെ വിവാഹവുമായി ബന്ധപ്പെട്ട് ചിലതൊക്കെ ഡിഫെൻഡർ എഴുതുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നു. പക്ഷേ ഈ വിഷയത്തെപ്പറ്റി ഡിഫെൻഡർ പരാമർശിച്ചതേയില്ല. കെ.സി.തോസിന്റെ മക്കൾ പ്രേമിച്ചു വിവാഹം കഴിച്ചു എന്നാണ് ഒരു ആരോപണം. എഴുതാൻ തക്ക ഒരു വിഷയമായി ഇത് കാണുന്നവരെ ഓർത്ത് ഡിഫെൻഡർ ദു:ഖിക്കുന്നു. താണ ജാതിയിൽപ്പെട്ട ഒരാൾക്ക് കെ.സി.തോമസ് മകളെ കെട്ടിച്ചുകൊടുത്തു എന്നതാണ് മറ്റൊരാരോപണം. ഈ വിഷയത്തിൽ കെ.സി.തൊമസ്സിനെ ഡിഫെൻഡർ വിമർശിക്കുന്നില്ല എന്നു മാത്രമല്ല അഭിനന്ദിക്കുകയും ചെയ്യുന്നു.

ഈയിടെ എന്നെ കാണാൻ വന്ന ഒരാൾ എന്നോടു ഇപ്രകാരം പറഞ്ഞു: 'ബാലൻ സാറിന്റെ വാക്കിന്റെ ബലത്തിലാണ് കെ.സി.ജോണിന്റെ മകളുടെ വിവാഹം നടന്നതെന്നറിയാമോ?' ആ കഥ അദ്ദേഹം വിവരിച്ചു. ചില വർഷങ്ങൾക്കു മുമ്പ് ഇദ്ദേഹം എന്നെ ഫോണിൽ വിളിച്ചു. ആരാണ് വിളിക്കുന്നതെന്ന് പറഞ്ഞില്ല. ഇദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ കെ.സി.ജോണിന്റെ മകളെ വിവാഹം കഴിക്കുവാൻ ഉദ്ദേശിക്കുന്നു. ആ പെൺകുട്ടിയെ കുറിച്ച് ടി.എസ്.ബാലന്റെ അഭിപ്രായം അറിയണം. അതിനാണ് വിളിച്ചത്. ഞാൻ പറഞ്ഞ മറുപടിയുടെ രത്നച്ചുരുക്കം ഇതാണ്: കെ.സി.ജോണും ഭാര്യയും ദുർന്നടപ്പുകാരാണ്. ആൺമക്കളെക്കുറിച്ചും ചിലതൊക്കെ കേൾക്കുന്നുണ്ട്. പക്ഷേ മകളേപ്പറ്റി നല്ലതല്ലാതെ ഒന്നും ഇതുവരെ കേട്ടിട്ടില്ല. എന്റെ വാക്ക് അവർ വിശ്വസിച്ചു. അങ്ങനെയാണ് ആ വിവാഹം നടന്നത്. വ്യക്തിവൈരാഗ്യം മൂലമാണ് ഞാൻ കെ.സി.ജോണിനെതിരെ എഴുതുന്നതെങ്കിൽ ആ പെൺകുട്ടിയെക്കുറിച്ച് ഇങ്ങനെയായിരിക്കില്ലല്ലോ പറയുക.

എനിക്ക് വിരോധമുള്ള വ്യക്തികളെക്കുറിച്ച് കള്ളക്കഥകൾ എഴുതുക, സ്നേഹമുള്ള വ്യക്തികളുടെ തിന്മകൾ കണ്ടില്ലെന്നു നടിക്കുക തുടങ്ങിയതൊന്നും ഞാൻ ചെയ്യാറില്ല. യഹോവയ്ക്കുവേണ്ടി വാളേന്തുമ്പോൾ ഞാൻ ശത്രുവെന്നോ സ്നേഹിതനെന്നോ ഉള്ള വ്യത്യാസം നോക്കാറില്ല.

പെന്തക്കോസ്ത് നേതാക്കന്മാർക്കെതിരെ ഇത്രയൊക്കെ എഴുതിയിട്ടും ഇവരിൽ ഒരാളെങ്കിലും മാനസാന്തരപ്പെട്ടോ എന്ന് ചോദിക്കുന്നവരുണ്ട്. അർത്ഥശൂന്യമായ ഒരു ചോദ്യമാണിത്. കെ.സി.ജോണിനേയും സുരേഷ് ബാബുവിനേയും കെ.എ.ഏബ്രഹാമിനേയും മറ്റും മാനസാന്തരപ്പെടുത്താനല്ല ഇവർക്കെതിരെ ഡിഫെൻഡർ എഴുതുന്നത്. ഇവരൊക്കെ വ്യാജന്മാരാണെന്നും അതുകൊണ്ട് ദൈവജനം സൂക്ഷിക്കണമെന്നും മുന്നറിയിപ്പു കൊടുക്കുകയാണ് ഡിഫെൻഡറിന്റെ ലക്ഷ്യം. ഡിഫെൻഡർ നൽകുന്ന മുന്നറിയിപ്പു ഗൗരവത്തിലെടുക്കുന്നവർ ഇത്തരക്കാരുടെ ചതിയിൽ നിന്നു രക്ഷപ്പെടും. ഡിഫെൻഡർ പറയുന്നത് വ്യാജമാണെന്നു കരുതി ഇവരെയൊക്കെ സ്വീകരിക്കുന്നവർ പിന്നീട് ദു:ഖിക്കേണ്ടിവരും.

ഡിഫെൻഡർ പറയുന്നതൊക്കെ ശരിയായിരിക്കാം, പക്ഷേ അതു പറയാൻ ഡിഫെൻഡർ ഉപയോഗിക്കുന്ന ഭാഷ ദൈവമക്കൾക്കു ചേർന്നതല്ല എന്നതാണ് മറ്റൊരു വിമർശനം. കർത്താവോ ശിഷ്യന്മാരോ വിമർശനത്തിന് ഉപയോഗിക്കാത്ത ഭാഷ ഡിഫെൻഡറും ഉപയോഗിക്കുന്നില്ല. വിമർശനത്തിന് അതിന്റേതായ ഒരു ഭാഷയും ശൈലിയുമുണ്ട്. ആധാരം എഴുതുന്ന ഭാഷയിലല്ലല്ലോ പ്രേമലേഖനം എഴുതുക. വിമർശനത്തിന് ഏതു ഭാഷ ഉപയോഗിക്കണം എന്ന് ഡിഫെൻഡർ പഠിച്ചത് വിമർശിക്കാൻ ബൈബിൾ ഉപയോഗിക്കുന്ന ഭാഷയിൽ നിന്നാണ്. ഈ വിഷയത്തിൽ ഡിഫെൻഡറിന് തെറ്റുന്നുണ്ടെങ്കിൽ ബൈബിളിനും തെറ്റിയെന്നു പറയേണ്ടിവരും.

സഹോദരനെ മൂഢാ എന്നു വിളിച്ചാൽ അഗ്നി നരകത്തിൽ പോകും. അതുകൊണ്ട് കെ.സി.ജോണിനേയും മറ്റും വിമർശിക്കുന്നത് കൊടിയ പാപമാണ്. ഇങ്ങനെയൊക്കെയാണ് ചിലരുടെ വാദം. പൊന്നു മാളോരേ, കെ.സി.ജോണിനേപ്പോലുള്ള വ്യഭിചാരികൾ ഈയുള്ളവന്റെ സഹോദരന്മാരല്ല, ആകാൻ കഴിയുന്നതുമല്ല. സഹോദരനെ മൂഢൻ എന്നു വിളിച്ചാലേ പ്രശ്നമുള്ളു, മൂഢനെ മൂഢനെന്നു വിളിക്കാം. കള്ളനെ കള്ളനെന്നും വ്യഭിചാരിരെ വ്യഭിചാരിയെന്നും സർപ്പസന്തതിയെ സർപ്പസന്തതിയെന്നും വിളിക്കാം. ഇത്രയുമേ ഡിഫെൻഡർ ചെയ്യുന്നുള്ളു.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലേയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# വിശ്വാസത്തിന്റെ അഗ്നിശോധന

വിശ്വാസത്തിന്റെ അഗ്നിശോധന എന്ന വിഷയം ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡറിൽ എഴുതണമെന്ന് പലരും ആവശ്യപ്പെടുകയുണ്ടായി. അതുകൊണ്ട് ഈ വിഷയത്തേപ്പറ്റി എഴുതുകയാണ്:

വിശ്വാസികൾക്ക് പരീക്ഷയുണ്ടാകുമോ എന്നതാണ് ആദ്യത്തെ പ്രശ്നം. കർത്താവായ യേശുക്രിസ്തു പോലും പരീക്ഷിക്കപ്പെട്ടു. അങ്ങനെയെങ്കിൽ സാധാരണ വിശ്വാസിയുടെ കാര്യം പറയേണ്ടതില്ലല്ലോ. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്നു ദൈവവചനം പറയുന്നു. അവൻ കൊളളാവുന്നവനാണ് എന്നു തെളിയേണ്ടതിനാണ് പരീക്ഷ. അങ്ങനെ അവന്റെ യോഗ്യത തെളിയിക്കപ്പെട്ടശേഷം കർത്താവ് അവനു പ്രതിഫലം കൊടുക്കും.

ദൈവം പരീക്ഷിക്കുന്നു എന്ന് നാം സാധാരണയായി പറയാറുണ്ടെങ്കിലും ദൈവം ആരേയും പരീക്ഷിക്കുന്നില്ല എന്നതാണു വസ്തുത. ഇയ്യോബിന്റെ അനുഭവം ഉദാഹരണമായെടുക്കാം. ഇയ്യോബ് ഭക്തനാണ് എന്നും എത്ര വലിയ കഷ്ടത ഉണ്ടായാലും അവൻ തന്റെ ഭക്തി ഉപേക്ഷിക്കയില്ല എന്ന കാര്യത്തിലും ദൈവത്തിനു സംശയമില്ല. പക്ഷേ സാത്താൻ അത് അംഗീകരിക്കുന്നില്ല. ദൈവത്തിൽ നിന്നു നൻമ ലഭിക്കുന്നതുകൊണ്ട് അവൻ ഭക്തനായിരിക്കുന്നു. പക്ഷേ എന്തെങ്കിലും കഷ്ടനഷ്ടങ്ങളുണ്ടായാൽ അവൻ ദൈവത്തെ തള്ളിക്കളയും. ഇതായിരുന്നു സാത്താന്റെ വാദം. അതുകൊണ്ട് ഇയ്യോബിന്റെ ഭക്തി പരീക്ഷണവിധേയമാക്കാൻ ദൈവം സാത്താനെ അനുവദിച്ചു.

ഇയ്യോബിനെ പരീക്ഷിച്ചത് ദൈവമല്ല സാത്താനാണ്. അതുകൊണ്ട് ഇയ്യോബിനെ സാത്താൻ പരീക്ഷിച്ചു എന്നു പറയാം. എന്നാൽ ദൈവത്തിന്റെ അനുവാദത്തോടെയാണ് സാത്താൻ പരീക്ഷിച്ചത്. ദൈവം അനുവദിക്കാത്തതൊന്നും സാത്താൻ ചെയ്തില്ല, ചെയ്യാൻ സാത്താന് കഴിയുമായിരുന്നുമില്ല. അതുകൊണ്ട് ഇയ്യോബിനെ ദൈവം പരീക്ഷിച്ചു എന്നും പറയാം. ചുരുക്കത്തിൽ, വിശ്വാസികൾക്കുണ്ടാകുന്ന പരീക്ഷകൾ ദൈവത്തിന്റെ അനുവാദത്തോടെ സാത്താൻ നടത്തുന്ന പരീക്ഷകളാണ്.

പരീക്ഷയുടെ ഭാഗമായി എന്തൊക്കെ സംഭവിക്കാം? അതിനുളള ഉത്തരവും ഇയ്യോബിന്റെ പുസ്തകത്തിലുണ്ട്. ഇയ്യോബിന്റെ വസ്തുവകകൾ നശിച്ച് അവൻ പരമ ദരിദ്രനാകുന്നു. അവന്റെ മക്കൾക്ക് അപകടമരണമുണ്ടാകുന്നു. അങ്ങനെ, ദരിദ്രനായ ഇയ്യോബും ഭാര്യയും മാത്രം ശേഷിക്കുന്നു. കളളൻമാരെ അയച്ച് നമ്മുടെ വസ്തുവകകൾ കൊളളയടിപ്പിക്കാനും പ്രകൃതിക്ഷോഭം ഉണ്ടാക്കി നാശനഷ്ടങ്ങൾ ഉണ്ടാക്കാനും സാത്താനു കഴിയും എന്ന് ഈ ഭാഗങ്ങൾ തെളിയിക്കുന്നു. ഇത്രയുമൊക്കെ ചെയ്തിട്ടും ഇയ്യോബ് തന്റെ ഭക്തി ഉപേക്ഷിക്കയോ ദൈവത്തെ പഴിക്കയോ ചെയ്യുന്നില്ല. അതുകൊണ്ട് സാത്താൻ പരീക്ഷയുടെ രണ്ടാം ഘട്ടത്തിലേക്കു കടക്കുന്നു.

വിശ്വാസികൾക്ക് രോഗമുണ്ടാകുമോ എന്ന വിഷയത്തേക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചിരുന്നല്ലോ. വിവിധ കാരണങ്ങളാൽ വിശ്വാസികൾക്ക് രോഗങ്ങളുണ്ടാകാം. പരീക്ഷയുടെ ഭാഗമെന്ന നിലയ്ക്കുണ്ടാകുന്ന രോഗങ്ങൾ അവയിൽ ഒന്നാണ്. ഇത്തരത്തിലുളള രോഗമാണ് ഇയ്യോബിന് ഉണ്ടായത്. എത്ര മരുന്നു കഴിച്ചാലും ഇത്തരം രോഗങ്ങൾക്ക് ശമനമുണ്ടാകുകയില്ല. പരീക്ഷ അവസാനിക്കുമ്പോൾ രോഗം തനിയെ മാറും.

സാത്താന് വിവിധതരത്തിലുളള രോഗങ്ങൾ ഉണ്ടാക്കാൻ കഴിയും. പക്ഷേ ദൈവത്തിന്റെ അനുവാദം കൂടാതെ വിശ്വാസികൾക്ക് രോഗമുണ്ടാക്കാൻ സാത്താന് കഴിയുകയില്ല. ദൈവത്തിന്റെ അനുവാദത്തോടെ സാത്താൻ ഇയ്യോബിന് രോഗമുണ്ടാക്കുന്നു. അസഹനീയമായ വേദനയും ചൊറിച്ചിലുമായിരിക്കുന്ന ഇയ്യോബിനേക്കൊണ്ട് അബദ്ധത്തിലെങ്കിലും ദൈവത്തിനെതിരായി ഒരു വാക്ക് പറയിക്കുക എന്ന ലക്ഷ്യത്തോടെയാണ് സാത്താൻ ഇയ്യോബിന്റെ ഭാര്യയെ കൈയ്യിലെടുക്കുന്നത്. ഇതേ ലക്ഷ്യത്തോടെയാണ് ഇയ്യോബിന്റെ സുഹൃത്തുക്കളെ ആശ്വാസകരുടെ വേഷം കെട്ടിച്ച് അയയ്ക്കുന്നതും. പക്ഷേ ഇയ്യോബിന് ഈ പരീക്ഷയിൽ വിജയിക്കാൻ കഴിഞ്ഞു.

നമ്മോടുളള സ്നേഹം നിമിത്തം സ്വന്ത പുത്രനെ നമുക്കു തന്ന സ്നേഹസ്വരൂപനാണ് നമ്മുട പിതാവായ ദൈവം. നമുക്കു സഹിക്കാനാവാത്ത ഒരു പരീക്ഷയും ദൈവം നമുക്കു തരുകയില്ല. ഏതെങ്കിലും പിതാവ് ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയെ കൊണ്ടുചെന്ന് പത്താംക്ലാസ്സ് പരീക്ഷ എഴുതാൻ ഇരുത്തുമോ? അവൻ പത്താം ക്ലാസ്സ് പരീക്ഷ എഴുതി ജയിക്കണമെന്ന് പിതാവിന് ആഗ്രഹമുണ്ടെന്നതു ശരിതന്നെ. പക്ഷേ അതിനുളള കഴിവ് ആ കുട്ടിക്ക് ഇല്ലെന്ന വസ്തുതയും പിതാവിനറിയാം. അവൻ പഠിച്ച് ഒന്നു മുതൽ ഒൻപതു വരെയുളള ക്ലാസ്സുകൾ പാസ്സായതിനുശേഷം മാത്രമേ പത്താം ക്ലാസ്സ് പരീക്ഷ എഴുതാൻ കഴിയൂ.

ഇയ്യോബിനുണ്ടായതുപോലുളള പരീക്ഷകൾ എന്തുകൊണ്ട് നമുക്കുണ്ടാകുന്നില്ല? ഇയ്യോബിനുളളത്ര വിശ്വാസം നമുക്കില്ല എന്നതുതന്നെ കാരണം. കഷ്ടിച്ചു പത്താം ക്ലാസ് കടന്നുകൂടിയ മകനെ ഐ.എ.എസ് പരീക്ഷയ്ക്ക് ഏതെങ്കിലും പിതാവ് ഇരുത്തുമോ?നമ്മുടെ വിശ്വാസം എത്രത്തോളമെന്ന് നമ്മുടെ പിതാവിനറിയാം. അതിനനുസരിച്ചുളള പരീക്ഷയിലൂടെ മാത്രമേ പിതാവ് നമ്മെ കടത്തുകയുളളൂ. നാം പരാജയപ്പെടുമെന്ന് ഉറപ്പുളള പരീക്ഷയിലൂടെ നമ്മെ കടത്തിവിടുവാൻ സാത്താൻ അനുവാദം ചോദിക്കുമെങ്കിലും നമുക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ കർത്താവായ യേശുക്രിസ്തു ദൈവസന്നിധിയിലുളളതുകൊണ്ട് സാത്താന്റെ തന്ത്രം വിജയിക്കില്ല. പത്രോസിനെ ഗോതമ്പുപോലെ പാറ്റിനോക്കുവാൻ സാത്താൻ അനുവാദം ചോദിച്ചപ്പോൾ കർത്താവ് പത്രോസിനുവേണ്ടി പിതാവിനോട് അപേക്ഷിച്ച സംഭവം ഇതോടുളള ബന്ധത്തിൽ ശ്രദ്ധേയമാണ്.

ഈ ലോകത്തിലെ പരീക്ഷകൾക്ക് കൃത്യമായ സിലബസ്സുണ്ട്, ടൈംടേബിളുണ്ട്, മിനിമം പാസ് മാർക്കുമുണ്ട്. പരീക്ഷ എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ അവസാനിക്കുമെന്നും മുൻകൂട്ടി പറയാൻ കഴിയും. പക്ഷേ ആത്മീയ പരീക്ഷയുടെ സ്ഥിതി ഇതല്ല. ഈ പരീക്ഷക്ക് കൃത്യമായ സിലബസ്സില്ല, ഉണ്ടെങ്കിൽ തന്നെ നാം അത് അറിയാറില്ല. പാസ്മാർക്ക് എത്രയാണെന്ന് നിശ്ചയമില്ല. എപ്പോൾ പരീക്ഷ ആരംഭിക്കുമെന്നോ എപ്പോൾ അവസാനിക്കുമെന്നോ പറയാനാവില്ല. ഈ ലോകത്തെ പരീക്ഷ എഴുതുന്ന വ്യക്തിക്ക് താൻ പരീക്ഷ എഴുതുകയാണെന്നറിയാം. പക്ഷേ ആത്മീയ പരീക്ഷ എഴുതുന്ന വ്യക്തിക്ക് താൻ പരീക്ഷ എഴുതുകയാണ് എന്ന വസ്തുത പോലും അറിയാൻ കഴിയുകയില്ല. താൻ പരീക്ഷിക്കപ്പെടുകയാണ് എന്ന് അറിഞ്ഞിരുന്നെങ്കിൽ പത്രോസ് യേശുവിനെ തള്ളിപ്പറയുമായിരുന്നില്ലല്ലോ.

പരീക്ഷയെ അഭിമുഖീകരിക്കുവാൻ ആവശ്യമായ അറിവും പരിശീലനവും പിതാവ് മുൻകൂട്ടി നൽകാറുണ്ട്. പക്ഷേ പരീക്ഷ ആരംഭിച്ചുകഴിഞ്ഞാൽ പിതാവിൽ നിന്ന് ഒരുവിധത്തിലുളള സഹായവും ലഭിക്കുകയില്ല. പിതാവിനോടു ചോദിച്ചാൽ മറുപടി പോലും ലഭിക്കുകയില്ല. നാല്പതു ദിവസം ഉപവസിച്ച ശേഷം യേശുവിനു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തുവന്നു. ഇതുതന്നെയാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. നാം ശാരീരികമായും മാനസികമായും തളർന്നിരിക്കുന്ന സമയത്താകും പലപ്പോഴും പരീക്ഷയുണ്ടാകുക. വിശന്നിരിക്കുന്ന യേശുവിന് വിശപ്പകറ്റാനുളള ഏറ്റവും ലളിതമായ മാർഗ്ഗം സാത്താൻ ഉപദേശിച്ചു കൊടുക്കുന്നു. അതിൽ ഒളിഞ്ഞിരിക്കുന്ന പാപം വിശപ്പുമൂലം അന്ധനായിരിക്കുന്ന മനുഷ്യൻ കാണാതെ പോകാനുളള സാധ്യത ഏറെയാണ്.

സാത്താനെ ഒന്നു നമസ്ക്കരിക്കുന്നതിലൂടെ ലോകം മുഴുവൻ നേടാമെന്നു വരുമ്പോൾ ആ പ്രലോഭനത്തിൽ മിക്കവരും വീണുപോകും. ചെറിയ നേട്ടങ്ങൾക്കായി നാം ഉപദേശം മറന്ന് സമുദായക്കാരുമായി ഇണയല്ലാപ്പിണ കൂടുമ്പോൾ സാത്താന്റെ കെണിയിൽ വീഴുകയാണ് ചെയ്യുന്നത്. അത്ഭുതങ്ങൾ കാട്ടി സ്വയം മഹത്വമെടുക്കുന്ന വിശ്വാസികളും സൂക്ഷിക്കുക. സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിയാൻ യേശുവിനു കഴിഞ്ഞതുകൊണ്ട് പരിക്ഷയിൽ ജയിക്കാൻ സാധിച്ചു. പരീക്ഷ അവസാനിക്കുന്നതു വരെ യേശുവിന് പിതാവിന്റെ സഹായം ലഭിച്ചില്ല. പക്ഷേ പരീക്ഷ തീർന്നയുടൻ തന്നെ യേശുവിനെ സഹായിക്കാൻ പിതാവ് ദൂതന്മാരെ അയച്ചു.

ദൈവം നല്ലവനാണ്. നല്ലവനായ പിതാവിന് തിന്മചെയ്യാനാവില്ല. തത്കാലം ദോഷമെന്ന് തോന്നുന്നവപോലും നന്മയായിരുന്നുവെന്ന് പിൽക്കാലത്ത് നാം മനസ്സിലാക്കും. ആകയാൽ കഷ്ടതയുടെ കഠിനശോധനയിലായിരിക്കുമ്പോൾ നാം ദൈവത്തെ പഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ദൈവത്തെ ദുഷിക്കുന്ന ഒരു വാക്കെങ്കിലും ഇയ്യോബിന്റെ നാവിൽ നിന്ന് വീണുകിട്ടാനാണ് സാത്താൻ ശ്രമിച്ചത്. ഇന്നും ഇതുതന്നെയാണ് സാത്താനു വേണ്ടത്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**




RNI No. 68089 / 97
2008 December 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# ഡബ്ലിയു.എം.ഇ. പ്രശ്നം: കള്ളം പറയുന്നതാര്?

കോട്ടയത്തു നിന്ന് പ്രസിദ്ധീകരിക്കുന്ന സങ്കീർത്തനം ദ്വൈവാരികയുടെ 2008 നവംബർ 27 ലക്കത്തിൽ 'ഡബ്ലിയു.എം.ഇയെ തകർക്കാൻ നീക്കം' എന്ന തലക്കെട്ടിൽ ഒ.എം.രാജുക്കുട്ടി നൽകിയ അഭിമുഖമാണ് ഈ കുറിപ്പിനാധാരം. തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ ഡബ്ലിയു.എം.ഇയെ തകർക്കാൻ ആരൊക്കെയോ ശ്രമിക്കുന്നു എന്നാണ് രാജുക്കുട്ടി പറഞ്ഞുവയ്ക്കുന്നത്. യഥാർത്ഥ ഡബ്ലിയു.എം.ഇ. സഭയെ തകർത്ത് മൂന്നു കഷണമാക്കുകയും അതിലൊരു കഷണം സ്വന്തമാക്കുകയും ചെയ്ത വിദ്വാനാണ് ഡബ്ലിയു.എം.ഇയുടെ ഭാവിയോർത്ത് നെടുവീർപ്പിടുന്നത്.

ഡബ്ലിയു.എം.ഇക്കെതിരെ പ്രചരണം നടത്തുന്നവർ ആ പരിപാടി നിർത്തിയില്ലെങ്കിൽ കടത്ത നിയമനടപടികൾ നേരിടേണ്ടിവരുമെന്നു കൂടി രാജുക്കുട്ടി പറയുന്നു. രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇക്കെതിരെ എഴുതിയിട്ടുള്ള ഏക പത്രം ഡിഫെൻഡറാണ്. അതുകൊണ്ട് കടുത്ത നിയമനടപടി വരുന്നത് ഡിഫെൻഡറിനെതിരെയായിരിക്കുമെന്നതിന് സംശയമില്ല.

നിയമ നടപടി വരുന്നു എന്നു കേട്ടതു മുതൽ ഡിഫെൻഡറിന്റെ പത്രാധിപർ ഭയന്നു വിറയ്ക്കുകയാണ്. വെറും നിയമ നടപടി മാത്രമായിരുന്നെങ്കിൽ സഹിക്കാമായിരുന്നു. പക്ഷേ വരാൻ പോകുന്നത് കടുത്ത നിയമ നടപടിയാണ്. കടുത്തത് എന്നു പറയുമ്പോൾ കുറഞ്ഞ പക്ഷം ഇരുമ്പിന്റത്ര കടുപ്പമെങ്കിലും ഉണ്ടാകും. നടപടി കൊണ്ടു വരുന്നത് അണ്ടനും അടകോടനുമൊന്നുമല്ല സാക്ഷാൽ ഒ.എം.രാജുക്കുട്ടിയാണ്. എത്ര ധൈര്യമുള്ള പത്രാധിപരായാലും ഒന്നു പേടിക്കും. അപ്പോൾ ജന്മനാ പേടിത്തൊണ്ടനായ ഡിഫെൻഡറിന്റെ പത്രാധിപർ പേടിച്ചുവിറയ്ക്കുന്നതിൽ അത്ഭുതമില്ലല്ലോ.

ഒ.എം.രാജുക്കുട്ടി ഒരു കാര്യം മനസ്സിലാക്കണം: സത്യം പറയുന്നത് തടയാൻ ഈ രാജ്യത്ത് നിലവിലുള്ള ഒരു നിയമത്തിനും കഴിയുന്നതല്ല. രാജുക്കുട്ടി എത്ര മുഴുത്ത നിയമനടപടി സ്വീകരിച്ചാലും ഡിഫെൻഡർ സത്യം വിളിച്ചുപറയും. ആ സത്യത്തിന്റെ ശക്തിയിൽ ഡൂപ്ലിക്കെറ്റ ഡബ്ലിയു.എം.ഇകൾ തകർന്നേക്കാം. സത്യത്തിന്റെ ശക്തിയിൽ തകരുന്നത് എന്തായാലും അതിന്റെ അടിസ്ഥാനം ഭോഷ്ക്കിലാണെന്നു വ്യക്തം. ഭോഷ്ക്കിനേയും അതിന്റെ അപ്പനായ സാത്താനേയും തർക്കുകയാണ് ഡിഫെൻഡറിന്റെ ലക്ഷ്യം. അതുകൊണ്ട് ഡിഫെൻഡർ രാജുക്കുട്ടിയുടെ തട്ടിപ്പുകൾക്കെതിരെ തുടർന്നും എഴുതാൻ തന്നെയാണ് ഭാവം. കഴിയുന്നത്ര ശക്തിയുള്ള നിയമനടപടികൾ എത്രയും പെട്ടെന്ന് രാജുക്കുട്ടി സ്വീകരിക്കുക.

ഡബ്ലിയു.എം.ഇ. സഭയുടെ പ്രവർത്തനങ്ങൾ സുതാര്യമാണ് എന്ന് രാജുക്കുട്ടി പറയുന്നു. ഇതിനേക്കാൾ വലിയൊരു തമാശ ഈ വിഷയത്തിൽ പറയാനാവില്ല. രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ. സഭയെപ്പറ്റി രാജുക്കുട്ടിക്കല്ലാതെ മറ്റാർക്കും ആധികാരികമായി അറിവില്ല. രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ. യഥാർത്ഥ ഡബ്ലിയു.എം.ഇ. അല്ല എന്നു പോലും മാലോകർ അറിഞ്ഞത് ഡിഫെൻഡറിലൂടെയാണ്. എന്നിട്ടും രാജുക്കുട്ടി പറയുന്നു എല്ലാം സുതാര്യമാണെന്ന്. ഇതു വിശ്വസിക്കാനും ആളുണ്ടായെന്നുവരും. പക്ഷേ ആ കൂട്ടത്തിൽ ഡിഫെൻഡർ ഉണ്ടാകില്ലെന്നു മാത്രം.

രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ. പെന്തക്കോസ്ത് ഉപദേശ സത്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ ഒരു വിട്ടുവീഴ്ചക്കും ഇല്ല എന്ന് രാജുക്കുട്ടി പ്രഖ്യാപിച്ചിരിക്കുന്നു. വളരെ നല്ലത്. പച്ചക്കള്ളം പറയുന്നത് പെന്തക്കോസ്ത് ഉപദേശത്തിന്റെ ഭാഗമാണോ എന്നു കൂടി രാജുക്കുട്ടി വ്യക്തമാക്കണം.

അമേരിക്ക ആസ്ഥാനമായുള്ള ഡബ്ലിയു.എം.ഇ. പെന്തക്കോസ്ത് ഉപദേശങ്ങളിൽ നിന്ന് വ്യതിചലിച്ചതിനാലാണ് പുതിയതായി ഡബ്ലിയു.എം.ഇ. എന്ന പേരിൽ സഭ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യേണ്ടി വന്നത് എന്ന് രാജുക്കുട്ടി പറയുന്നു. കള്ളം പറയുന്നതിന് ഒരു അതിരൊക്കെവേണ്ടേ രാജുക്കുട്ടി? 1969-ൽ 182/69 ആയി ആന്ധ്രാപ്രദേശിൽ രജിസ്റ്റർ ചെയ്ത് ഇപ്പോഴും പ്രവർത്തിച്ചു വരുന്ന വേൾഡ് മിഷണറി ഇവാഞ്ചലിസം ഓഫ് ഇന്ത്യ എന്ന സംഘടനയുടെ ഭാഗമായി 2005 വരെ പ്രവർത്തിച്ച രാജുക്കുട്ടിക്ക് എങ്ങനെ ഇത്ര വലിയ കള്ളം പറയാൻ സാധിക്കുന്നു എന്നു മനസ്സിലാകുന്നില്ല. രാജുക്കുട്ടി എഴുതിവച്ചിരിക്കുന്നതു വായിച്ചാൽ ഡബ്ലിയു.എം.ഇ.ക്ക് അമേരിക്കയിൽ മാത്രമേ രജിസ്ട്രേഷൻ ഉണ്ടായിരുന്നുള്ളു എന്നും അമേരിക്കയിലുള്ളവർ പെന്തക്കോസ്ത് ഉപദേശം വിട്ടപ്പോൾ വിശ്വാസവീരനായ രാജുക്കുട്ടി ഡബ്ലിയു.എം.ഇ. എന്ന പേരിൽ ഇന്ത്യയിൽ സഭ രജിസ്റ്റർ ചെയ്ത് പെന്തക്കോസ്ത് ഉപദേശത്തെ സംരക്ഷിക്കുകയുമാണ് ചെയ്തതെന്ന് തോന്നും. പക്ഷേ ഇതൊന്നുമല്ല സത്യം. ഇന്ത്യയിലെ ഡബ്ലിയു.എം.ഇ. സ്വന്തം പിടിയിലൊതുക്കാൻ രാജുക്കുട്ടി ശ്രമിക്കുകയും അതു



പരാജയപ്പെട്ടപ്പോൾ സ്വന്തം ഡബ്ലിയു.എം.ഇ. ഉണ്ടാക്കി നേതാവാകുകയുമാണ് ചെയ്തത്.

ഇപ്പോൾ ഇന്ത്യയിൽ ഒന്നല്ല കുറഞ്ഞപക്ഷം മൂന്ന് ഡബ്ലിയു.എം.ഇ. എങ്കിലും നിലവിലുണ്ട്. യഥാർത്ഥ ഡബ്ലിയു.എം.ഇ., രൂത്ത് കോമാനപ്പള്ളിയുടെ ഡബ്ലിയു.എം.ഇ., രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ. എന്നിവയാണ് ഈ സംഘടനകൾ.

അമേരിക്കയിലെ ഡബ്ലിയു.എം.ഇ. പെന്തക്കോസ്ത് ഉപദേശത്തിൽ നിന്ന് വ്യതിചലിച്ചപ്പോൾ രാജുക്കുട്ടി ഇന്ത്യയിൽ പെന്തക്കോസ്ത് ഡബ്ലിയു.എം.ഇ. ഉണ്ടാക്കി. വീരോചിതമായ നടപടി തന്നെ.പക്ഷേ പിതൃഭവനത്തേക്കുറിച്ചുള്ള അതിവാഞ്ചയാൽ പുറപ്പെട്ടുപോന്ന യാക്കോബിനോട് ലാബാൻ ചോദിച്ച ചോദ്യം ഇവിടെയും പ്രസക്തമാണ്: പെന്തക്കോസ്ത് ഉപദേശത്തോടുള്ള അതിവാഞ്ചയാൽ യഥാർത്ഥ ഡബ്ലിയു.എം.ഇ. വിട്ട ഒ.എം.രാജുക്കുട്ടി എന്തുകൊണ്ട് അവരുടെ വസ്തുവകകൾ കൊള്ളയടിച്ചുകൊണ്ടു പോന്നു? ദുരുപദേശക്കാരനുമായിട്ടുള്ള കൂട്ടും കൂട്ടായ്മയും വേണ്ടാ, അവന്റെ പണം മാത്രം മതി എന്നാണോ രാജുക്കുട്ടിയുടെ പെന്തക്കോസ്തുപദേശം?

2005 നവംബർ 2-ാം തീയതിയാണ് രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ. രജിസ്റ്റർ ചെയ്യപ്പെട്ടത്. ആ തീയതിക്കു മുമ്പ് ഡബ്ലിയു.എം.ഇ.യുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ആധാരങ്ങളും യഥാർത്ഥ ഡബ്ലിയു.എം.ഇ.യുടെ വക ആയിരിക്കും എന്നതിനു സംശയമില്ലല്ലോ. പെന്തക്കോസ്ത് ഉപദേശത്തോടുള്ള സ്നേഹം കൊണ്ടാണ് രാജുക്കുട്ടി സ്വന്തം സംഘടന ഉണ്ടാക്കിയതെങ്കിൽ ദുരുപദേശക്കാരായ പഴയ ഡബ്ലിയു.എം.ഇ.യുടെ വസ്തുവകകൾ അവർക്ക് വിട്ടുകൊടുക്കുക. ലാബാന്റെ സ്വത്തുക്കൾ സ്വന്തം ഭാണ്ഡക്കെട്ടിൽ ഒളിപ്പിച്ചുവച്ചുകൊണ്ടല്ല പിതൃഭവനത്തിന്റെ മഹത്വം വാഴ്ത്തി പാടേണ്ടത്.

കോഴിയെ കട്ടവനും ആനയെ കട്ടവനും കള്ളനാണ്. ഡബ്ലിയു.എം.ഇ.യുടെ കോടിക്കണക്കിനു രൂപ വിലമതിക്കുന്ന സ്വത്തുക്കൾ തട്ടിയെടുത്ത രാജുക്കുട്ടിയെ ആനക്കള്ളനെക്കാൾ വലിയ കള്ളനായി മാത്രമേ ഡിഫെൻഡറിനു പരിഗണിക്കാൻ കഴിയൂ. 'വെറുമൊരുമോഷ്ടാവായൊരെന്നെ കള്ളനെന്നുവിളിച്ചില്ലേ' എന്ന് രാജുക്കുട്ടിയെപ്പോലൊരാൾ വിലപിച്ചതായി കേട്ടിട്ടുണ്ട്. അതു കൊണ്ട് ഡിഫെൻഡർ രാജുക്കുട്ടിക്ക് ഒരു ചെറിയ സൗജന്യം ചെയ്തു തരാം: രാജുക്കുട്ടിയെ ഡിഫെൻഡർ മോഷ്ടാവെന്നു വിളിക്കണോ അതോ കള്ളനെന്നു വിളിക്കണോ എന്നു തീരുമാനിക്കാനുള്ള അവകാശം ഡിഫെൻഡർ രാജുക്കുട്ടിക്കുതരുന്നു. തീരുമാനം എന്തുതന്നെയായാലും ഡിഫെൻഡറിനു സമ്മതം.

രാജുക്കുട്ടി പുതിയ ഡബ്ലിയു.എം.ഇ. ഉണ്ടാക്കിയതിൽ സഭാംഗങ്ങൾക്കോ പാസ്റ്റർമാർക്കോ യാതൊരു അഭിപ്രായവ്യത്യാസവുമില്ല എന്ന് രാജുക്കുട്ടി പറയുന്നു. അത് സത്യമായിരിക്കാൻ ഇടയുണ്ട്. അഭിപ്രായമുണ്ടെങ്കിലല്ലേ അഭിപ്രായവ്യത്യാസമുണ്ടാകൂ. രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ.യിൽ ആകെ മൊത്തം ടോട്ടൽ ഒരഭിപ്രായമേയുള്ളു: അത് രാജുക്കുട്ടിയുടെ അഭിപ്രായമാണ്. അത് അംഗീകരിക്കുന്നവർക്ക് സഭയിൽ നിൽക്കാം. അല്ലാത്തവർക്ക് പോകാം (ആമേൻ).

രാജുക്കുട്ടിയുടെ സഭയിലെ പാസ്റ്റർമാരിൽ ഭൂരിപക്ഷവും സാധുക്കളാണ്. രാജുക്കുട്ടിയുമായി പിണങ്ങിപ്പിരിഞ്ഞാൽ അതൊടെ അവർ പെരുവഴിയിലാകും. മറ്റേതെങ്കിലും സഭയിൽ പാസ്റ്ററായി കയറിപ്പറ്റുക എന്നതും അത്ര എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ട് അവരാരും രാജുക്കുട്ടിക്കെതിരെ ശബ്ദിക്കില്ല. പക്ഷേ രാജുക്കുട്ടിയുടെ ഭരണത്തിൽ ഇവരെല്ലാം തൃപ്തരാണ് എന്ന് ഈ പറഞ്ഞതിനർത്ഥമില്ല. ഭയം മൂലം അവരെല്ലാം മിണ്ടാതിരിക്കുന്നു എന്നു മാത്രം.

രാജുക്കുട്ടി പുതിയ ഡബ്ലിയു.എം.ഇ. രജിസ്റ്റർ ചെയ്തത് സഭയിലെ എല്ലാ പാസ്റ്റർമാരേയും വിശ്വാസികളേയും വിളിച്ചുകൂട്ടി അനുമതി വാങ്ങിയിട്ടാണെങ്കിൽ ഈ പറയുന്നതിന് അർത്ഥമുണ്ട്. പക്ഷേ ഇപ്പോൾ തങ്ങൾ അംഗമായിരിക്കുന്നത് പഴയ ഡബ്ലിയു.എം.ഇ.യിൽ അല്ല എന്നു പോലും മിക്ക വിശ്വാസികൾക്കും അറിഞ്ഞുകൂടാ. പിന്നല്ലേ എതിർക്കുന്ന വിഷയം.

പുതിയ ഡബ്ലിയു.എം.ഇ.യുടെ ഭരണഘടന നേരിൽ കണ്ടിട്ടുള്ള എത്ര പാസ്റ്റർമാരും വിശ്വാസികളും രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ.യിൽ ഉണ്ട്? കണ്ടാൽ തന്നെ, ഇംഗ്ലീഷിലുള്ള ഈ ഭരണഘടന എത്രപേർക്ക് മനസ്സിലാകും? വിശ്വാസികളുടെ കാര്യം പോട്ടെന്നുവയ്ക്കാം. പത്താം ക്ലാസ്സ് വരെയെങ്കിലും പഠിച്ച എത്ര പാസ്റ്റർമാർ ഡബ്ലിയു.എം.ഇ.യിലുണ്ട്? ഈ വസ്തുതകളൊക്കെ മറച്ചുവച്ചുകൊണ്ട് രാജുക്കുട്ടി പുണ്യാളൻ ചമയുകയാണ്.

രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ. ഏതു വിധത്തിലുള്ള പ്രസ്ഥാനമാണെന്നറിയണമെങ്കിൽ ഈ പ്രസ്ഥാനത്തിന്റെ ഭരണഘടന നോക്കണം. ഒറ്റനോട്ടത്തിൽ നിഷ്ക്കളങ്കമെന്ന് തോന്നാവുന്ന കുരുക്കുകളും ഉടക്കുകളും തന്ത്രങ്ങളും നിറഞ്ഞതാണ് പുതിയ ഡബ്ലിയു.എം.ഇ. ഭരണഘടന. എല്ലാ അധികാരങ്ങളും രാജുക്കുട്ടിയിൽ നിലനിർത്തിക്കൊണ്ടാണ് ഈ ഭരണഘടന ഉണ്ടാക്കിയിട്ടുള്ളത്. കേരളത്തിലെ മറ്റൊരു പെന്തക്കോസ്ത് സഭയ്ക്കും ഇത്ര വിചിത്രമായ ഒരു ഭരണഘടനയില്ല. ഇതേപ്പറ്റി വിശദമായി തുടർന്നു വരുന്ന ലക്കങ്ങളിൽ വിശദീകരിക്കുന്നതുകൊണ്ട് ഇപ്പോൾ മറ്റു വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. (രാജുക്കുട്ടി ഉണ്ടാക്കിയ ഈ തട്ടിപ്പു ഭരണഘടന വായിക്കാൻ ആഗ്രഹമുള്ളവർ ഡിഫെൻഡറിന്റെ വെബ് സൈറ്റ് സന്ദർശിക്കുക).

സങ്കീർത്തനം ദ്വൈവാരികയുടെ ഒന്നാം പേജിൽ രാജുക്കുട്ടിയുടെ അഭിമുഖത്തിനുള്ള ആമുഖം എന്ന നിലയ്ക്ക് പ്രസിദ്ധീകരിച്ച കുറിപ്പിനുള്ള മറുപടിയാണ് ഡിഫെൻഡർ ഇതുവരെ പറഞ്ഞത്. സങ്കീർത്തനത്തിന്റെ പത്രാധിപർ രാജുക്കുട്ടിയോടു ചോദിച്ച ചോദ്യങ്ങളും അവയ്ക്ക് രാജുക്കുട്ടി കൊടുത്ത മറുപടികളും സങ്കീർത്തനത്തിന്റെ ഉൾപ്പേജുകളിൽ ഉണ്ടായിരുന്നു. അവയ്ക്കുള്ള മറുപടി ഡിഫെൻഡറിന്റെ വരും ലക്കങ്ങളിൽ വായിക്കാം.

## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542.**

## എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 9447414608**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan